എഫ്.സി.സി. പടവരാട് ആശാഭവൻ സ്കൂളിൽ ഹയർസെക്കണ്ടറിക്കുവേണ്ടി പണികഴിപ്പിച്ച പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനകർമ്മവും സ്കൂൾദിനാഘോഷവും സംയുക്തമായി ആചരിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത അധ്യക്ഷ്യം വഹിച്ച പ്രസ്തുത ചടങ്ങിൽ പ്രൊവിൻഷ്യൽ കൗൺസിലർ സി. റാണി കുരിയൻ ആശംസകളർപ്പിച്ചു.

12.11.2013. സി.എം.സി. പാലാരിവട്ടം POC യിൽ ACRCI സംഘടിപ്പിച്ച സെമിനാറിൽ സി. സാങ്റ്റ, സി. മേരി ആൻ എന്നിവർ പങ്കു കൊണ്ടു.

13.11.2013. സി.എച്ച്.എഫ്. സമൂഹസ്ഥാപകൻ ദൈവദാസൻ ജോസഫ് വിതയത്തിൽ പിതാവിന്റെ ആത്മീയചൈതന്യത്തിലേക്ക് ആഴ്നിറങ്ങുവാൻ ഒരുക്കിയ പിതൃസന്നിധേ നവജ്യോതി പ്രൊവിഷ്യൽ ഹൗസിൽ മൂന്നു ബാച്ചുകളായി നടത്തി.

സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻസ് ഡെയോടനുബന്ധിച്ച് 13 മണിക്കൂർ ജാഗരണ ആരാധന നടത്തി.

14.11.2013. എസ്.എ.ബി.എസ്. ഇയ്യാൽ നിർമ്മല മാതസ്കൂളിൽ നടത്തിയ ഫുഡ്ഫെസ്റ്റ് റവ. ഫാ. ഡേവിസ് ചിറമേൽ ഉത്ഘാടനം ചെയ്തു. വികർ പ്രൊവിൻഷ്യൽ സി. സോഫി പെരേപ്പാടൻ ആശംസകളർപ്പിച്ചു. കിഡ്ണി ഫഡറേഷൻ ഫണ്ടിലേക്ക് കുട്ടികൾ സമാഹരിച്ച 25000 രൂപ ബ. ഡേവിസച്ചന് കൈമാറി.

സി.എം.സി. പൂതുക്കി നിർമ്മിച്ച ഒല്ലൂർ സെന്റ്മേരീസ് കോൺവെന്റ് നഴ്സറി സ്കൂളിന്റെ ഉത്ഘാടനകർമ്മം പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ഓമർ നിർവ്വഹിച്ചു.

സി.എസ്.എം. അട്ടപ്പാടിയിലെ ജെല്ലിപാറയിലെ സെന്റ് പോൾസ് കോൺവെന്റ് സുവർണ്ണ ജൂബിലിയാഘോഷ പരിപാടികളിൽ സുപ്പീരിയർ ജനറൽ സി.ജിയോ മരിയയയും സിസ്റ്റേഴ്സും പങ്കെടുത്തു. പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവ് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് പ്രൊവിൻസ് ഡെ സാഘോഷം കൊണ്ടാടി.

എഫ്.സി.സി. മിസ്സോറാമിലെ കുർലിയോൺ ഗ്രാമത്തിൽ സെന്റ് ക്ലെയർ വനത്തിന്റെയും സ്കൂളിന്റെയും ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കപ്പെട്ടു.

എഫ്.സി.സി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട ദിവ്യബലിമധ്യേ എട്ട് നവകന്യകമാർ പടവരാട് സെന്റ് തോമസ് ഇടവകദേവാലയത്തിൽവെച്ച് പ്രഥമവ്രതവാഗ്ദാനം നടത്തി സഭാവസ്ത്രം സ്വീകരിച്ചു.

15.11.2013. സി.എം.സി. Aided & Unaided School Headmistress മാരുടെ കോൺഫ്രൻസ് പ്രൊവിൻഷ്യൽ ഹൗസിൽവച്ച് നടത്തി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ഓമർ സന്ദേശം നൽകുകയും സി.ജെസ്ലിൻ, സി. ലിസ്ജോ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

16.11.2013. എസ്.എ.ബി.എസ്. തൃശൂർ അതിരൂപത നടത്തിയ സമർപ്പിതരുടെ ജൂബിലിയാഘോഷത്തിൽ ജൂബിലേറിയൻസ് സി. ഗ്രിഗോരിയ, സി. കൊച്ചുത്രേസ്യ, സി. റാണി ജോസ് മറ്റത്തി എന്നിവർ പങ്കെടുത്തു.

സി.എസ്.എം. മാതൃഭവനമായ പൊന്നൂക്കര അസംപ്ഷനിൽ ഒരുമിച്ച്കൂടി സ്ഥാപക പിതാവിന്റെ 53-ാം ചരമവാർഷികം ഘോഷിച്ചു. റവ. ഫാ. ഷാജു ചിറയത്ത്, ഫാ. സിജോ ജോസ് ചാലിശ്ശേരി, ഫാ. ആന്റോ പാണേങ്ങാടൻ എന്നിവർ റാസകുർബാനക്ക് നേതൃത്വം നൽകി. ഫാ. ലോറൻസ് തൈക്കാട്ടിൽ സന്ദേശം നൽകി. സി.ഡാലിയ ജോണച്ചന്റെ ജീവിതത്തെ ആസ്പദമാക്കി പ്രബന്ധമവതരിപ്പിച്ചു. ആസ്പിരൻസ് തയ്യാറാക്കിയ നിറക്കൂട്ട് എന്ന സ്ഥാപക പിതാവിനെ സംബന്ധിച്ച കയ്യെഴുത്ത് മാസിക സുപ്പീരിയർ ജനറൽ സി. ജിയോമരിയ പ്രകാശനംചെയ്തു.

17.11.2013. മുളയം മേജർ സെമിനാരിയുടെ Home day ആഘോഷത്തിൽ വിവിധ സന്യാസ സമൂഹങ്ങളിലെ സിസ്റ്റേഴ്സ് പങ്കുകൊണ്ടു.

സി.എസ്.എം. സുപ്പീരിയർ ജനറൽ സി.ജിയോ മരിയ മരിയാപുരം ഡോൺ ബോസ്കോ പള്ളി മതബോധന ദിനാഘോഷ പരിപാടികളിൽ പങ്കെടുക്കുകയും നിത്യജീവൻ എന്ന കയ്യെഴുത്ത് മാസിക പ്രകാശനം ചെയ്തു സംസാരിക്കുകയും ചെയ്തു.

എഫ്.സി.സി. ഡോ. സി. ലിമ ശുശ്രൂഷ ചെയ്യുന്ന അസ്സീസി ക്ലിനിക്കിന്റെ രജതജൂബിലി അസ്സീസിയിൽ ആഘോഷിച്ചു.

18.11.2013. എസ്.എൻ.ഡി.എസ്. നിർമ്മലദാസി സമൂഹത്തിന്റെ 13-ാമത് സാധാരണ ജനറൽ സിനാക്സിസ് ബഹുമാനപ്പെട്ട ജോസ് തച്ചിലച്ചന്റെ ദിവ്യബലിയോടുകൂടി മുളയം നിർമ്മല ജനറലേറ്റിൽ ആരംഭിച്ചു.

19.11.2013. എസ്.എ.ബി.എസ്. എം.എം.ബി. പ്രോവിൻഷ്യൽ ഹൗസിൽ നടന്ന പ്രോ വിൻസ് ഡേ ആഘോഷപരിപാടികളിൽ വിവിധ സന്യാസ സമൂഹങ്ങളിലെ സിസ്റ്റേഴ്സ് പങ്കെടുത്തു.

21.11.2013. സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ സ്ഥാപന ദിനത്തോടനുബന്ധിച്ച് വി. കുർബ്ബാന മദ്ധ്യേ സിസ്റ്റേഴ്സ് തങ്ങളുടെ വ്രതം നവീകരിച്ചു.

22.11.2013. സി.എച്ച്.എഫ്. അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് നവജ്യോതി പ്രൊവിഷ്യൽ ഹൗസിൽവന്ന് പ്ലാറ്റിനം, സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിനെ സന്ദർശിച്ച് ജൂബിലി സന്ദേശം നൽകി, സമ്മാനങ്ങൾ നൽകി അനുമോദിച്ചു.

സി.എം.സി. ആലുവയിൽ PRT അംഗങ്ങൾക്കായി സംഘടിപ്പിച്ച Renewal Course ൽ സി. റിറ്റിയും സി. ചൈതന്യയും പങ്കുകൊണ്ടു.

എസ്.എൻ.ഡി.എസ്. തൃശൂർ അതിരൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് സിനാക്സിസ് അംഗങ്ങൾക്ക് ആത്മീയപ്രഭാഷണം നൽകി.

23.11.2013. നന്മണിക്കരയിലെ പോസ്റ്റുലൻസിന്റെ പാരൻസ് ഡേ ആഘോഷങ്ങളിൽ പങ്കെടുത്ത് ബ. മദർലിറ്റിൽ മരിയ തെക്കേക്കര മാതാപിതാക്കൾക്ക് ക്ലാസ് നല്കി.

സി.എച്ച്.എഫ്.സി. സിസ്റ്റർ യൂക്കരിസ്റ്റയുടെ പ്ലാറ്റിനം ജൂബിലിയും, 12 സിസ്റ്റേഴ്സിന്റെ സുവർണ്ണ ജൂബിലി ആഘോഷപരി

പാടികൾ ഒളരിക്കര ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മീകത്വത്തിലുള്ള ദിവ്യബലിയോടെ നടത്തി.

എസ്.എൻ.ഡി.എസ്. തൃശൂർ അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ സന്നാിധ്യത്തിൽ നടത്തപ്പെട്ട സിനാക്സിസ് സമ്മേളനത്തിൽ താഴെപറയുവർ തെരഞ്ഞെടുക്കപ്പെട്ടു. സിസ്റ്റർ റോസിലി പിടിയത്ത് (സുപ്പീരിയർ ജനറൽ), സിസ്റ്റർ ചിന്നമ്മ കുക്കാട്ട് (അസി. സുപ്പീരിയർ ജനറൽ; കൗസിലർ - ജീവകാരുണ്യം), സിസ്റ്റർ മേരിക്കുട്ടി പൂവക്കുളത്ത് (കൗസിലർ - പ്രേഷിതപ്രവർത്തനം), സിസ്റ്റർ എൽസി ചാഴൂർ (കൗസിലർ- ആരോഗ്യം),സിസ്റ്റർ സിൽവി ചക്കാലക്കൽ (കൗൺസിലർ - ധനകാര്യം).

24.11.2013. 1.30 മുതൽ 3.30 വരെ വിശ്വാസത്തെകുറിച്ച് power point presentation ലൂടെ സി. പ്രദീപ ക്ലാസ്സെടുക്കുകയും ക്വിസ്സ് നടത്തി സമ്മാനം വിതരണം ചെയ്യുകയും ചെയ്തു. വിശ്വാസ റാലിയിൽ പങ്കെടുത്ത് വിശ്വാസനാളം ഉള്ളിൽ കത്തിജ്വലിപ്പിച്ചുകൊണ്ട് വിശ്വാസവർഷാചരണത്തിന് സമാപനം കുറിച്ചു.

എസ്.എൻ.ഡി.എസ്. ബഹുമാനപ്പെട്ട സിറിയക് കണിച്ചായ് അച്ചൻ ദിവ്യബലിക്ക് കാർമ്മകത്വം വഹിക്കുകയും ആത്മീയ പ്രഭാഷണങ്ങൾ നൽകി സിനാക്സിസ് ചർച്ചകൾക്ക് മോഡറേറ്റർ സ്ഥാനം വഹിക്കുകയും ചെയ്തു.

25.11.2013. സി.എസ്.സി. കോലഴി മരിയഭവനിൽ ഫോർമേറ്റേഴ്സിനുള്ള മീറ്റിംഗ് നടന്നു.

'മദേഴ്സ് മീററ് 2013' കൃപാഭവൻ ജനറലേററിൽവെച്ച് നടത്തി. ജോമോൻ കൊച്ചുകണിയാംപറമ്പിൽ ഡോ.പോൾ പുളിക്കൻ എന്നിവർ ക്ലാസ്സെടുത്തു. ബിഷപ്പ് ബോസകോ പുത്തൂർ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

എഫ്.സി.സി. സഭാവസ്ത്രം സ്വീകരിച്ച ജൂനിയർ സിസ്റ്റേഴ്സ് വിവിധ ഭവനങ്ങളിലേക്ക് സ്ഥലം മാറിപ്പോവുകയും ശുശ്രൂഷകൾ ആരംഭിക്കുകയും ചെയ്തു.

28.11.2013. എസ്.എൻ.ഡി.എസ്. സിനാക്സിസ് ദിവസങ്ങളിൽ മോ. ഫ്രാൻസിസ് ആലപ്പാട്ട്, മോ. ജോസ് ഇരിമ്പൻ, റവ. ഫാ.പോൾ അച്ചാണ്ടി സി.എം.ഐ., റവ. ഫാ. സിറിയക് ചാലിശേരി, റവ. ഫാ. ബാബു പാണാട്ടുപറമ്പിൽ, റവ, ഫാ. ടോണി നീലങ്കാവിൽ,

റവ, ഫാ. ആന്റോ ചുങ്കത്ത് തുടങ്ങിയ വൈദികർ ദിവ്യബലിക്ക് കാർമ്മികത്വം വഹിക്കുകയും സിനാക്സിസ് അംഗങ്ങൾക്ക് ക്ലാസെടുക്കുകയും ചെയ്തു.

30.11.2013. എസ്.എ.ബി.എസ്. അമലോത്ഭവമാതാവിന് പ്രതിഷ്ഠിതമായിരിക്കുന്ന നിർമ്മൽ റാണി പ്രോവിൻസിന്റെ പ്രോവിൻസ് ഡേ ആഘോഷം ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ നടന്നു. തിരുമണിക്കൂർ, സ്നേഹവിരുന്ന് കലാപരിപാടികൾ എന്നിവ ദിവസത്തെ മനോഹരമാക്കി.

സി.എം.സി. All India Level ൽ 3 ദിവസം ബാംഗ്ലൂരിൽ നടന്ന St.Therese Spirituality conference ൽ സി. റിറ്റി പങ്കെടുത്തു.

01.12.2013. സി.എം.സി. വെള്ളാറ്റഞ്ഞൂർ ഇടവകയിൽ ഹോം മിഷൻ ആരംഭിച്ചു.

എഫ്.സി.സി. അസ്സീസി പ്രൊവിൻഷ്യൽ ഹൗസിലെ ചെറിയ ഒരു മുറി ചാപ്പലായി രൂപപ്പെടുത്തി സക്രാരിയിൽ ദിവ്യകാരുണ്യം എഴുള്ളിച്ചുവെച്ച് ആരാധനയാരംഭിച്ചു.

04.12.2013. എഫ്.സി.സി. 4,5 തീയതികളിൽ ആലുവ പോർസ്യുങ്കുള ജനറലേറ്റിൽവെച്ച് നടന്ന ജനറൽ പ്ലീനറി കൗൺസിൽ മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത സംബന്ധിച്ചു.

എഫ്.സി.സി. ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ സന്യാസിനീസമൂഹത്തിന്റെ സ്ഥാപനത്തിന്റെ ശതോത്തരരജതജൂബിലി ആലുവ ജനറലേറ്റിൽവെച്ച് വിപുലമായ ചടങ്ങുകളോടെ ആഘോഷിച്ചു. കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട ദിവ്യബലിമധ്യേ 106 ജൂനിയർ സിസ്റ്റേഴ്സ് നിത്യവ്രതസമർപ്പണം നടത്തി.

05.12.2013. സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻസിന്റെ കീഴിലുള്ള പുതുക്കി പണിത പൂങ്കുന്നം സ്നേഹഭവൻ ആശീർവ്വാദ കർമ്മം അഭിവന്ദ്യ മാർ ആൻ ഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു.

07.12.2013. എഫ്.സി.സി. ഡിസംബർ 7-ാം തീയതി മുതൽ 11-ാം തീയതി വരെ മറ്റം ഇടവകയിൽ നടത്തപ്പെടുന്ന ഹോംമിഷൻ പരിപാടികൾക്ക് ആരംഭം കുറിച്ചു.

08.12.2013. എഫ്.സി.സി. ജൂനിയേഴ്സ് ഡെ ഓരോ ഭവനത്തിലും സമുചിതമായി ആഘോഷിച്ചു.

## ആദരാഞ്ജലികൾ



04.11.2013. സി.എം.സി. സി.അട്രാക്റ്റ നിര്യാതയായി. മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സംസ്കാരശുശ്രൂഷകൾ നടത്തി. സിസ്റ്ററിന്റെ സഹോദരൻ ഫാ. യൂജിൻ O.C.D സഹകാർമ്മികനായിരുന്നു.



20.11.2013. എഫ്.സി.സി. പഴുവിൽ ആന്റോ ഭവൻ ഭവനാംഗമായിരുന്ന ബ. സോഫിയമ്മ 20-ാം തീയതി നിര്യാതയായി. തൃശൂർ അതിരൂപത വികാരി ജനറാൾ മോ. പോൾ പേരാമംഗലത്തിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതദേഹം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ പൂജ്യമായി സംസ്കരിച്ചു.



25.11.2013. ഗുഡ്ഷെപ്പേർഡ് പ്രോവിൻസിലെ പൊന്നൂക്കര അസംപ്ഷൻ കോൺവെന്റ് അംഗമായ സി. എലിസബത്ത് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖകാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തി.



07.12.2013. മറ്റം മഠാംഗമായ ബ. ഏണസ്റ്റമ്മ മരണമടഞ്ഞു. തൃശൂർ അതിരൂപത വികാരി ജനറാൾ മോ. പോൾ പേരാമംഗലത്തിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതദേഹം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ പൂജ്യമായി സംസകരിച്ചു.

സി. ആർ. ഐ. സെക്രട്ടറി
**സി. ഡോണ കുമ്പുക്കൽ SNDS**

# സ്ഥാപനങ്ങൾ

## മേരിമാതാ മേജർ സെമിനാരി

### വി. അന്ത്രയോസ് ശ്ലീഹായുടെയും വി. ഫ്രാൻസിസ് സേവ്യറിന്റെയും തിരുനാളുകൾ

നവംബർ 30-ന് വി. അന്ത്രയോസ് ശ്ലീഹായുടെ നാമധാരിയായ സെമിനാരിയുടെ ചെയർമാൻ അഭിവന്ദ്യ ആൻഡ്രൂസ് പിതാവിന്റെ നാമഹേതുക തിരുനാളും ഡിസംബർ 3-ന് വി. ഫ്രാൻസിസ് സേവ്യറിന്റെ നാമധാരിയായ റെക്ടർ ബഹു. ബാബു പാണാട്ടുപറമ്പിലച്ചന്റെ നാമഹേതുക തിരുനാളും സെമിനാരിയിൽ സമുചിതമായി ആഘോഷിച്ചു. തിരുനാൾ ദിവസം വൈകുന്നേരം അഭിവന്ദ്യ പിതാവ് സെമിനാരി കുടുംബത്തോടൊപ്പം ചേരുകയും ബ്രദർ ജോമോൻ ഇമ്മട്ടി പിതാവിനും റെക്ടറച്ചനും നാമഹേതുക തിരുനാളിന്റെ ആശംസകളർപ്പിക്കുകയും ചെയ്തു.

### മാസധ്യാനം

2013 ഡിസംബർ മാസത്തിലെ മാസധ്യാനം 6, 7 തിയ്യതികളിലായി നടന്നു. ബഹു. ജോൺ തറയിൽ സി.എം.ഐ. അച്ചനാണ് ധ്യാനം നയിച്ചത്. ഒരു പുരോഹിതൻ വിളിക്കപ്പെട്ടിരിക്കുന്നത് എന്തിനാണെന്നും പുരോഹിതൻ നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാമാണെന്നും തന്റെ ജീവിത അനുഭവങ്ങളിലൂടെയും സുവിശേഷവെളിച്ചത്തിലും പങ്കുവെച്ചു. പുതിയ ചിന്തകൾ ഉണർത്താൻ സഹായിക്കുന്നതായിരുന്നു ഈ മാസധ്യാനം.

### അമലോത്ഭവമാതാവിന്റെ തിരുനാൾ

ഡിസംബർ 7, 8 തിയ്യതികളിൽ അമലോത്ഭവമാതാവിന്റെ തിരുനാളും സെമിനാരിയുടെ ശിലാസ്ഥാപനത്തിന്റെ 16-ാം വാർഷികവും ആഘോഷപൂർവ്വം കൊണ്ടാടി. 7-ാം തിയ്യതി വൈകുന്നേരം ബഹു. റാഫേൽ താണിശ്ശേരി അച്ചന്റെ കാർമ്മികത്വത്തിൽ നടന്ന വേസ്പരയ്ക്കിടയിൽ ബഹു. ആന്റോ ചുങ്കത്തച്ചൻ തിരുനാൾ സന്ദേശം നൽകി. 8-ാം തിയ്യതി രാവിലെ ബഹു. റെക്ടറച്ചൻ ആഘോഷമായ ദിവ്യബലിയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. അന്നേദിവസം വൈകുന്നേരം അഭിവന്ദ്യ ആൻഡ്രൂസ് പിതാവും ജേക്കബ് തൂങ്കുഴിപിതാവും സന്നിഹിതരായിരുന്നു. ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ട് നടത്തിയ ദിവ്യകാരുണ്യ പ്രദക്ഷിണത്തിന് അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവ് നേതൃത്വം നൽകി. ബഹു. റെക്ടറച്ചൻ പിതാക്കൻമാർക്കും വിവിധ പരിപാടികൾക്ക് നേതൃത്വം നൽകിയവർക്കും നന്ദി പറഞ്ഞു.

## Pastoral Directors Meet

മേരിമാതായുടെ അജപാലനദർശനങ്ങൾക്ക് കൂടുതൽ ഉണർവു നൽകുന്ന ഒരു വേദിയാണ് വിവിധ ഇടവകകളിൽ ഞങ്ങൾക്ക് ലഭിക്കുന്ന ഞായറാഴ്ചകളിലെ പരിശീലനം. ഇടവകകളിൽ ഞങ്ങൾക്ക് നിർദ്ദേശങ്ങളും പരിശീലനവും നൽകുന്ന വികാരിയച്ചൻമാർ ഡിസംബർ 11-ാം തിയ്യതി ഉച്ച കഴിഞ്ഞ് മൂന്നരയ്ക്ക് സെമിനാരിയിൽ ഒത്തുകുടി. എല്ലാവരും പരസ്പരം പരിചയപ്പെടുത്തുകയും തുടർന്ന് വൈദികർ തങ്ങളുടെ നിർദ്ദേശങ്ങളും സന്തോഷവും നന്ദിയും പ്രകടിപ്പിച്ചു. തുടർന്ന് സെമിനാരിയിലെ അച്ചൻമാരും വികാരിയച്ചൻമാരും ഒന്നിച്ചുകൂടിയിരുന്ന് ഭാവിപരിപാടികൾ ചർച്ച ചെയ്തു.

### സ്നേഹോത്സവം

ഡിസംബർ 15 മുതൽ 20 വരെയുള്ള തിയ്യതികളിൽ ചിയ്യാരം, മണലൂർ എന്നീ ഇടവകകളിലാണ് ഈ വർഷം സ്നേഹോത്സവം സംഘടിപ്പിച്ചത്. സ്നേഹോത്സവത്തിന്റെ വിജയത്തിനായി സെമിനാരി കുടുംബം ഒരു മാസം മുമ്പേ ആത്മീയ ഒരുക്കം തുടങ്ങിയിരുന്നു. സെമിനാരി കുടുംബം രണ്ട് ഗ്രൂപ്പുകളായി തിരിഞ്ഞ് 7 വൈദികരും 57 ബ്രദേഴ്സും മണലൂരിലേക്കും 7 വൈദികരും 60 ബ്രദേഴ്സും ചിയ്യാരം ഇടവകയിലേക്കും യാത്ര തിരിച്ചു. മണലൂരിൽ ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തും ചിയ്യാരം ഇടവകയിൽ ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴിയും സ്നേഹോത്സവത്തിന് തിരി തെളിച്ചു. ഇരു ഇടവകകളും സോണുകളായി തിരിഞ്ഞ് സോണുകളിൽ തന്നെ വി. കുർബ്ബാനയും കുമ്പസാരവും സംഗമങ്ങളും നടത്തി. കുടുംബസന്ദർശനവും വചനപ്രഘോഷണവുമായിരുന്നു സ്നേഹോത്സവത്തിന്റെ മുഖ്യഘടകങ്ങൾ.

### ക്രിസ്തുമസ്സ് ആഘോഷം

ക്രിസ്തുമസ്സ് ആഘോഷത്തിന്റെ ഭാഗമായി ഡിസംബർ 1-ാം തിയ്യതി വൈദികരും ബ്രദേഴ്സും തങ്ങളുടെ ക്രിസ്തുമസ്സ് ഫ്രണ്ടിനെ തിരഞ്ഞെടുത്തു. ക്രിസ്തുമസ്സിന് ഒരുക്കമായി ബ്രദേഴ്സ് എല്ലാദിവസവും ക്രിസ്തുമസ്സ് സന്ദേശം നൽകി. 21-ാം തിയ്യതിയാണ് സെമിനാരിയിൽ ക്രിസ്തുമസ്സ് ആഘോഷിച്ചത്. ഒന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾ സാന്താക്ലോസിനെ ഒരുക്കുകയും രണ്ടാം വർഷ തത്വശാസ്ത്രവിദ്യാർത്ഥികൾ അതിമനോഹരമായ പുൽക്കൂട് നിർമ്മിക്കുകയും വിവിധ ബാച്ചുകൾ വിവിധങ്ങളായ കലാപരിപാടികൾ നടത്തുകയും ചെയ്തത് ക്രിസ്തുമസ്സ് ആഘോഷത്തെ വർണ്ണാഭമാക്കി.

**അവധിക്കാലം**

ക്രിസ്തുമസ്സും പുതുവത്സരവും ആഘോഷിക്കുന്നതിനു വേണ്ടി ഈ വർഷത്തെ ക്രിസ്തുമസ്സ് അവധിക്കാലം ഡിസംബർ 22 മുതൽ ആരംഭിച്ചു. ക്രിസ്തുമസ്സിനുശേഷം വിവിധ ഇടവകകളിൽ നടക്കുന്ന തിരുപ്പട്ട ശുശ്രൂഷകൾക്ക് എല്ലാ സഹോദരൻമാരും പങ്കെടുക്കുന്നതും അതുവഴി പൗരോഹിത്യസ്വപ്നങ്ങൾക്ക് കൂടുതൽ കരുത്തു പകരുന്നതുമായിരിക്കും. ജനുവരി 5-ന് അവധി കഴിഞ്ഞ് ബ്രദേഴ്സ് സെമിനാരിയിൽ തിരിച്ചെത്തും.

**ബേഴ്സ് സ്ഥാപിച്ചവർ**

## Individual Patron Membership

1. ശ്രീ. ജോസ് കാഞ്ഞിരപ്പറമ്പിൽ, തൃശൂർ

## Individual Benefactor Membership

1. ശ്രീ. എൻ. ഒ. ജോസ്, നീലങ്കാവിൽ ഹൗസ്, അരിമ്പൂർ

## Individual Wellwisher Membership

1. ശ്രീ. ടി. വി. ഫ്രാൻസിസ്, തട്ടിൽ മണ്ടി ഹൗസ്, ലാലൂർ
2. ശ്രീ. കെ. എ. പൗലോസ്, കാഞ്ഞിരത്തിങ്കൽ ഹൗസ്, മരത്താക്കര
3. ശ്രീമതി ലൂസി ഫ്രാൻസിസ്, പെരുമാട്ടിൽ ഹൗസ്, അയ്യന്തോൾ
4. മദർ ജനറാൾ സി.എസ്.എം., കൃപാഭവൻ ജനറലേറ്റ്, മണ്ണംപേട്ട

**ഫാ. ബാബു പാണാട്ടുപറമ്പിൽ**
റെക്ടർ

PH : 2420891

# സെൻ്റ് മേരീസ് മൈനർ സെമിനാരി

**അഭിവന്ദ്യ ആൻഡ്രൂസ് പിതാവിന്റെ നാമഹേതുകതിരുനാൾ**

അഭിവന്ദ്യ ആൻഡ്രൂസ് പിതാവിന്റെ നാമഹേതുക തിരുനാൾ നവംബർ 29-ന് രാവിലെ പിതാവിന്റെ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയോടെ ആരംഭിച്ചു. തുടർന്ന് സെമിനാരി കുടുംബം ഹൃദ്യമായ രീതിയിൽ പിതാവിന് തിരുനാൾ മംഗളങ്ങൾ നേരുകയും വി. അന്ത്രയോസ് അപ്പസ്തോലന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും ചെയ്തു.

**അമലോത്ഭവമാതാവിന്റെ തിരുനാൾ**

സെമിനാരി മദ്ധ്യസ്ഥയായ പരി. അമലോത്ഭവമാതാവിന്റെ തിരുനാളായ ഡിസംബർ 8-ന് മെഴുകുതിരികൾ തെളിച്ച് മാതാവിന്റെ ഗ്രോട്ടോയിൽ പ്രാർത്ഥിക്കുകയും ജപമാല പ്രദക്ഷിണം നടത്തി മാതാവിനോടുള്ള സമർപ്പണം നവീകരിക്കുകയും ചെയ്തു. തിരുക്കർമ്മങ്ങൾക്ക് ബഹു. പോൾ ചിറ്റിലപ്പിള്ളിയച്ചൻ നേതൃത്വം കൊടുത്തു.

**അഭിവന്ദ്യ തൂങ്കുഴിപിതാവിന്റെയും ആൻഡ്രൂസ് പിതാവിന്റെയും ജന്മ ദിനം**

84-ാം ജന്മദിനമാഘോഷിക്കുന്ന അഭിവന്ദ്യ തൂങ്കുഴി പിതാവിനും 63-ാം ജന്മദിനത്തിലേക്ക് പ്രവേശിക്കുന്ന അഭിവന്ദ്യ ആൻഡ്രൂസ് പിതാവിനും ജന്മ ദിനാശംസകൾ നേർന്നു, ആയുരാരോഗ്യത്തിനായി പ്രാർത്ഥിക്കുകയും ചെയ്തു. ഡിസംബർ 12-ന് സായാഹ്നത്തിൽ സെമിനാരി കുടുംബം അഭി വന്ദ്യ തൂങ്കുഴിപിതാവിനും ജന്മദിനത്തിന്റെ ആശംസകൾ നേർന്നു. കുടും ബാംഗങ്ങളോടൊത്തുള്ള ജന്മദിനാഘോഷം ഒത്തിരി സന്തോഷം നൽകു ന്നതാണെന്ന് പിതാവ് പറഞ്ഞു.

**ക്രിസ്തുമസ്സ് സന്ധ്യ**

അർദ്ധവാർഷിക പരീക്ഷകളുടെ സമാപനത്തിൽ മനസ്സിനു സന്തോ ഷവും സമാധാനവും പകർന്നു നല്കുന്ന ഒന്നായിരുന്നു ക്രിസ്തുമസ്സ് ഓർമ്മ കളുണർത്തിയ ക്രിസ്തുമസ്സ് സന്ധ്യ. അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ മഹ നീയ സാന്നിദ്ധ്യത്തിൽ കരോൾ ഗാനങ്ങളുടെ അകമ്പടിയോടും ക്രിസ്തു മസ്സ് പാപ്പയുടെ വരവോടെയും സംഘടിപ്പിക്കപ്പെട്ട ക്രിസ്തുമസ്സ് ആഘോ ഷങ്ങൾ ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും അലയൊലികൾ ഉണർത്തുന്നവയായിരുന്നു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. ജോയ് എലുവത്തിങ്കൽ, എലുവത്തിങ്കൽ ഹൗസ്, ചെവ്വൂർ
2. ശ്രീ. ഇ. കെ. ജോസ്, എടക്കളത്തൂർ ഹൗസ്, വരടിയം
3. റവ. ഫാ. വികാർ, സെന്റ് ജോസഫ്സ് ചർച്ച്, അമലനഗർ
4. ശ്രീ. ഫ്രാൻസിസ് വാറു, ചിരിയങ്കണ്ടത്ത് ഹൗസ്, നിർമ്മലപുരം, കൂർക്ക ഞ്ചേരി.
5. ശ്രീ. ജോയ് ഫ്രാൻസിസ്, ആലപ്പാട്ട് ഹൗസ്, നിർമ്മലപുരം, കൂർക്ക ഞ്ചേരി
6. ശ്രീ. ലിജോ ജോസ്, കിരിയന്തൻ ഹൗസ്, നിർമ്മലപുരം, കൂർക്കഞ്ചേരി
7. ശ്രീ. മാത്യു ദേവസ്സി, തേയ്ക്കാനത്ത് ഹൗസ്, നിർമ്മലപുരം, കൂർക്ക ഞ്ചേരി
8. ശ്രീ. ജോസ് റപ്പായി, തൃശ്ശോക്കാരൻ ഹൗസ്, നിർമ്മലപുരം, കൂർക്ക ഞ്ചേരി
9. ശ്രീ. ഡേവീസ് ചെറിയ, ഊക്കൻ ഹൗസ്, നിർമ്മലപുരം, കൂർക്കഞ്ചേരി
10. ശ്രീ. വറീത് ആന്റണി, പറപ്പൂക്കാരൻ ഹൗസ്, നിർമ്മലപുരം, കൂർക്ക ഞ്ചേരി

11. ശ്രീ. വർഗ്ഗീസ് ഫ്രാൻസിസ്, എലുവത്തിങ്കൽ ഹൗസ്, നിർമ്മലപുരം, കൂർക്കഞ്ചേരി
12. റവ. ഫാ. റാഫേൽ പി. വി., സെന്റ് ജോസഫ്സ് ചർച്ച്, നിർമ്മലപുരം, കൂർക്കഞ്ചേരി
13. റവ. ഫാ. ജോൺ കൊള്ളന്നൂർ, തൃശൂർ അതിരൂപത
14. ശ്രീ. വറീത് പി. എൽ., പാഴായി ഹൗസ്, നെല്ലങ്കര
15. ശ്രീമതി ആലീസ് കുര്യൻ, പുത്തൂർ ഹൗസ്, വെള്ളറക്കാട്
16. ശ്രീ. ടി. പി. ജെയിംസ്, തെക്കേക്കര ഹൗസ്, മനക്കൊടി
17. ശ്രീമതി മേഴ്സി ജോസ്, കൊള്ളന്നൂർ അവണൂക്കാരൻ, അയ്യന്തോൾ

വൈദികപരിശീലനത്തിനായി പ്രാർത്ഥിച്ചും സാമ്പത്തികസഹായം നൽകിയും അതിരൂപതയോട് സഹകരിക്കുന്ന ഞങ്ങളുടെ സ്നേഹമുള്ള ഉപകാരികൾക്ക് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു. നിത്യപുരോഹിതനായ ഈശോ നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും സമൂഹങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. എല്ലാവർക്കും പുതുവത്സരാശംകൾ

**ഫാ. റോയ് മൂക്കൻ,**
റെക്ടർ

GO AND PREACH TO ALL THE NATIONS — THRISSUR CATECHETICAL CENTRE

Ph : 2333245, 2320828

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.com|

*അടയാഭരണങ്ങൾ അഴിച്ചുവെച്ച് തിരശ്ശീലയുടെ പിന്നിലേക്ക് മറയുന്ന 2013-ന്റെയും ഒരുക്കങ്ങൾ പൂർത്തിയാക്കി നല്ല ദിനങ്ങൾ പ്രതീക്ഷിച്ച് അരങ്ങിലെത്താൻ വെമ്പി നൽകുന്ന 2014-ന്റെയും ഇടയിൽ അനുഗ്രഹപ്പൂമഴ വർഷിച്ചുകൊണ്ട് കടന്നുപോകുന്ന വത്സരത്തെ നോക്കി കരം കൂപ്പി നന്ദി പറയാം. ഈ പുതുവത്സരം കൂടുതൽ നന്മയുടെ മനുഷ്യരാകാം! സ്നേഹത്തിന്റെ സാന്നിദ്ധ്യമാകാം! അനുഗ്രഹത്തിന്റെ സമ്പത്താകാം!*

ഏവർക്കും നവവത്സരാശംസകൾ!

**ഡയറക്ടർമാർ സന്ദർശിച്ച മതബോധനയൂണിറ്റുകൾ** : ബസിലിക്ക, വാക, വെങ്ങിണിശ്ശേരി

## 1. HMs' Conference - Sunday, 2nd February 2014

at 02.30 p.m., Catehetical Centre, TSR

2014 ഫെബ്രുവരി 2-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2.30ന് അതിരൂപതാ മത ബോധനകേന്ദ്രത്തിൽ (ഡി.ബി.സി.എൽ.സി.) നടക്കുന്ന കോൺഫ്രൻസിൽ എല്ലാ പ്രധാന അദ്ധ്യാപകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## 2. Sunday Catechism Annual Examination 2013

2013-2014 അദ്ധ്യയനവർഷം മതബോധവാർഷിക പരീക്ഷയുടെ തിയ്യതികൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 9th Feb | Std. | XII (2 - 4 p.m.) ACC (2 - 5 p.m.) |
| 16th Feb | Stds. | II, IV, VI, VIII, X |
| 23th Feb | Stds. | I, III, V, VII, IX, XI |

## 3. Centralised Valuation - 2014

2013-2014 അദ്ധ്യയനവർഷത്തിലെ Std. XII, ACC വാർഷിക പരീക്ഷയുടെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അദ്ധ്യാപകരും നിർബന്ധമായും മതബോധനകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 9th March Sunday | Chief Examiners' Meeting |
| Saturday 15th March & Sunday 16th March | Std. XII |
| Saturday 22nd March & Sunday 23rd March | ACC |

## 4. School Catechism & Moral Science

2013-2014 അദ്ധ്യയനവർഷം School Catechism & Moral Science വാർഷിക പരീക്ഷയുടെ തിയ്യതികൾ താഴെ ചേർക്കുന്നു.

**Annual Examination-2014 - Friday 24th January**

| | | |
|---|---|---|
| Fore Noon | Stds. | I, III, V, VII, IX, XI |
| After Noon | Stds | II, IV, VI, VIII, X, XII |

## 5. Stds. XII & ACC Examinations

1. ബഹു. വൈദികരുടെ മേൽനോട്ടത്തിലും HMന്റെ ചുമതലയിലുമാണ് പരീക്ഷകൾ നടത്തേണ്ടത്. Examination Hall ൽ മേൽനോട്ടത്തിന് മറ്റ് ക്ലാസ്സുകളിലെ അദ്ധ്യാപകരുടെ സഹായം ആവശ്യമുണ്ടെങ്കിൽ സ്വീകരിക്കാവുന്നതാണ്.

2. പരീക്ഷയേയും മറ്റും സംബന്ധിച്ച് മതബോധനകേന്ദ്രത്തിൽനിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി തന്നെ പാലിക്കേണ്ടതാണ്.
3. പരീക്ഷാനടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. സ്വന്തം യൂണിറ്റിലേയും പോകുന്ന യൂണിറ്റിലേയും ഹെഡ്മാസ്റ്ററേയും വികാരിയച്ചനേയും നേരത്തെതന്നെ നിയമനവിവരം അറിയിക്കുമല്ലോ.
4. ACC Centralised Valuation മതബോധനകേന്ദ്രത്തിൽ വെച്ചു നടത്തുവാൻ Calicut Universityയുടെ ACC Examination Board തീരുമാനിച്ചിരിക്കുന്നു. യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിൽ ACC Centralised Valuation നടത്തുന്നതാണ്.
5. Stds. XII, ACC Centralised Valuation ന് നിയമനം ലഭിക്കുന്നവർ നിർബന്ധമായും വരേണ്ടതാണ്.

**6. Service Award Day - 26th Jan. 2013**

Service Award ന് അർഹരായ അദ്ധ്യാപകരെ വ്യക്തിപരമായി ക്ഷണിക്കുന്നതാണ്. താഴെ പറയുന്നവയ്ക്കുള്ള സമ്മാനങ്ങളും അന്ന് വിതരണം ചെയ്യുന്നതായിരിക്കും.

1. Manuscript Magazine
2. Archdiocesan Aptitude Examination
3. VITA AETERNA - Forane Star - Std XII
4. SMCC Selected Students who attended Archdiocesan Final Round Camp
5. SMCC Selected Students (2 boys & 2 girls)

**7. SMCC Award**

ഫൊറോനയിൽ നിന്നും തെരഞ്ഞെടുത്ത Std. XII കുട്ടികൾക്ക് മതബോധനകേന്ദ്രത്തിൽവെച്ച് 1 ദിവസത്തെ ക്യാമ്പ് വിജയകരമായി നടത്തി. തെരഞ്ഞെടുത്ത 89 കുട്ടികളിൽ 81 പേർ സംബന്ധിച്ചു. അതിൽനിന്നും 32 കുട്ടികളെ Final Round ലേക്ക് തെരഞ്ഞെടുത്തു. ഈ 32 കുട്ടികൾക്ക് ഡിസംബർ 22, 23, 24 തിയ്യതികളിൽ ക്യാമ്പ് നടത്തി. അതിൽനിന്നും 2 ആൺകുട്ടികളേയും 2 പെൺകുട്ടികളേയുമാണ് സഭാതലത്തിലുള്ള മത്സരത്തിലേക്ക് പറഞ്ഞയയ്ക്കുക.

*സസ്നേഹം*

**Fr. Daison Mundopuram**
**Fr. Teds Kunnappilly**
Asst. Directors

**Fr. Jiphy Mekkattukulam**
Director

Ph : 2333245

# INSTITUTE OF THEOLOGY

*ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ ഏവർക്കും നേരുന്നു*

¿ **B. A. in Theology & Religious Studies**

അത്മായർക്കും സന്യസ്തർക്കും ദൈവശാസ്ത്രം പഠിക്കുന്നതിനും വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സഭാചരിത്രത്തേയും സംബന്ധിച്ച് കൂടുതൽ അറിവ് നേടുന്നതിനും, തൃശൂർ അതിരൂപതയിൽ സ്ഥാപിതമായ പരിശീലനകേന്ദ്രമാണ് ദൈവശാസ്ത്രവിദ്യാപീഠം. ഈ വിദ്യാപീഠത്തിൽനിന്നും മൂന്ന് വർഷത്തെ BA in Theology and Religious Studies-ന്റെ ഒരു പുതിയ ബാച്ച് 2014 മാർച്ചിൽ ആരംഭിക്കുന്നതായിരിക്കും. എല്ലാ ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 2 മണി മുതൽ 5 മണി വരെ ആയിരിക്കും ക്ലാസ്സുകൾ. വിദ്യാഭ്യാസയോഗ്യതയും വിശ്വാസബോധ്യങ്ങളിൽ ആഴപ്പെടാൻ ആഗ്രഹിക്കുകയും ചെയ്യുന്ന എല്ലാ അത്മായർക്കും സന്യസ്തർക്കും സ്വാഗതം. റിട്ടയേർഡ് ഉദ്യോഗസ്ഥർക്കും, സ്ക്കൂൾ അദ്ധ്യാപകർക്കും, മതബോധന അദ്ധ്യാപകർക്കും, ഈ കോഴ്സുകളിലേക്ക് സ്വാഗതം.

¿ **Correspondence Theology Course**

കറസ്പോണ്ടൻസ് തിയോളജി ക്ലാസ്സ് 2014 ജനുവരി 12-നും 19-നും ഉണ്ടായിരിക്കും. സമയം 2 മണി മുതൽ 5 മണി വരെ. (ജനുവരി 26 റിപ്പബ്ലിക് ഡേ ആയതിനാൽ ക്ലാസ്സ് ഉണ്ടായിരിക്കുന്നതല്ല)

കറസ്പോണ്ടൻസ് തിയോളജി കോഴ്സ് പൂർത്തിയാക്കിയവരുടെ Diploma ഈ മാസം 26-ാം തിയ്യതി Distribution ചെയ്യുന്നതായിരിക്കും.

¿ **Six Months Theology Course** പൂർത്തിയാക്കി നല്ല വിജയം കരസ്ഥമാക്കിയ എല്ലാ സിസ്റ്റേഴ്സിനും പ്രത്യേകം നന്ദി. Six Months Theology Course പൂർത്തിയാക്കിയതിന്റെ സർട്ടിഫിക്കറ്റുകൾ 2014 ജനുവരി 26-ന് ഡി.ബി.സി.എൽ.സി.യിൽവെച്ച് നടക്കുന്ന Award day Programme-ൽ വിതരണം ചെയ്യുന്നതായിരിക്കും.

¿ **Basic Theology Course** സന്യാസാർത്ഥിനികൾക്കുള്ള മൂന്ന് മാസത്തെ ബെയ്സിക് തിയോളജി കോഴ്സ് (ബി.ടി.സി.) 2014 ജനുവരി 8-ന് (ബുധൻ) ആരംഭിക്കുന്നതാണ്. ക്ലാസ്സ് സമയം രാവിലെ 9 മണി മുതൽ 12 മണി വരെ ആയിരിക്കും. സന്യാസ സമൂഹാധികാരികൾ അർത്ഥിനികളെ ഈ കോഴ്സിലേക്കായി പ്രോത്സാഹിപ്പിച്ചയക്കുമല്ലോ.

**ഫാ. ജിഫി മേയ്ക്കാട്ടുകുളം**
ഡയറക്ടർ

# ബൈബിൾ അപ്പോസ്തോലേറ്റ് സെന്റർ

**Tel : 0487 - 2336066**

¿ **തൃശൂർ അതിരൂപത ബൈബിൾ അപ്പസ്തോലേറ്റ് അവാർഡുകൾ പ്രഖ്യാപിച്ചു. അവാർഡുദാനം 2014 ജനുവരി 25 ന് തൃശൂർ തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ**

**തൃശൂർ :** *കെ.സി.ബി.സി.യും തൃശൂർ അതിരൂപത ബൈബിൾ അപ്പസ്തോലേറ്റും സംയുക്തമായി സംഘടിപ്പിച്ച ലോഗോസ് ക്വിസ് - 2013 & വചനമെഴുത്ത് മത്സര അതിരൂപതതല അവാർഡുകൾ പ്രഖ്യാപിച്ചു. 280 സെന്ററുകളിലായി 65,000 പേർ പങ്കെടുത്ത ലോഗോസ് ക്വിസിൽ വിവിധ വിഭാഗങ്ങളിൽ റാങ്ക് ജേതാക്കളായവർ (1,2,3 റാങ്ക്ക്രമത്തിൽ)*

**ലോഗോസ് ക്വിസ്- 2013 റാങ്ക് ജേതാക്കൾ**

**A വിഭാഗം**

I st - ആൽവിൻ പി. വിൻസൺ(കോട്ടപ്പടി)
II nd - ഷെറിൻ ജോസഫ് (നെഹ്റു നഗർ)
III rd - ആൽബിൻ കെ.ബി. (തലക്കോട്ടുകര)

**B വിഭാഗം**

I st - അനില സോജൻ (പെരിഞ്ചേരി)
II nd - റോസ് മുട്ടത്ത് (കോട്ടപ്പടി)
III rd - എവുലിൻ റോസ് റാഫി (വെള്ളാറ്റഞ്ഞൂർ)

**C വിഭാഗം**

I st - അമ്പിളി ലിയോ (നടത്തറ)
II nd - ജയ്മി ബൈജു (നോർത്ത് കാരമുക്ക്)
III rd - ജെനി പി.ജെ (ഏങ്ങണ്ടിയൂർ)

**D വിഭാഗം**

I st - ഷേർളി ഷോണി (പനമുക്ക്)
II nd - ഷിൻസി സോജൻ (പെരിഞ്ചേരി)
III rd - ഷൈജി ഡെന്നി (വരടിയം)

**E വിഭാഗം**

I st - ഷേർളി തോമസ് (തിരൂർ)
II nd - ഡോ. എൽസി ജോസ് (പാറേംപാടം)
III rd - ഫിലോമിന ബേബി (കണ്ണാറ)

F വിഭാഗം

I st - സിസ്റ്റർ. ആന്റോണിനോ F.C.C (നെല്ലിക്കുന്ന്)
II nd - ആന്റണി മൂക്കൻ (അരണാട്ടുകര)
III rd - റോസിലി ആഗസ്റ്റിൻ (വേലൂപാടം)

**വചനമെഴുത്ത് മത്സര റാങ്ക് ജേതാക്കൾ**

A വിഭാഗം

I st - ദിയ ജോസി (ചേലക്കര)
II nd - ആഗ്നസ് ഷാജു (മാന്ദാമംഗലം)
III rd - അന്നാ ഗ്രേയ്സ് (പെരിങ്ങോട്ടുകര)

B വിഭാഗം

I st - അനുറാഫി (പനംകുറ്റിച്ചിറ)
II nd - അനുമോൾ ആന്റോ (കണ്ണാറ)
III rd - അനു ആന്റണി (അടാട്ട്)
III rd - മിന്ന ടി.ജെ (പുതുശ്ശേരി)

C വിഭാഗം

I st - അമ്പിളി ലിയോ (നടത്തറ)
II nd - അന്നാ ജെയ്സൺ (പനംകുറ്റിച്ചിറ)
III rd - സിസ്റ്റർ ജെൻസി തെരേസ് (നെന്മണിക്കര)
III rd - സോണി സണ്ണി (പുറനാട്ടുകര)

D വിഭാഗം

I st - സിസ്റ്റർ ജിയോ തെരേസ് SABS (ഇയ്യാൽ)
II nd - പ്രിയ ജോസി (ചേലക്കര)
III rd - ഷൈജ ജോസഫ് (അരണാട്ടുകര)

E വിഭാഗം

I st - ശാന്ത ഡേവിഡ് (പുതുശ്ശേരി)
II nd - ക്ലാര സെബാസ്റ്റ്യൻ (എരുമപ്പെട്ടി)
III rd - ഫിലോമിന ബേബി (കണ്ണാറ)

F വിഭാഗം

I st - സിസ്റ്റർ. സാൽവത്തോർ C.M.C. (മണലൂർ വെസ്റ്റ്)
II nd - സിസ്റ്റർ. ഡൊണേഷ്യൻ F.C.C (കുട്ടംകുളം)
III rd - മേരി ആന്റണി (പാറേംപാടം)

**ഫാമിലി ലോഗോസ് ക്വിസ് -2013**

I st - ലിയോ ചന്ദനപറമ്പിൽ ഫാമിലി (നടത്തറ)
I st - സോജൻ വള്ളുപാറ ഫാമിലി (പെരിഞ്ചേരി)

II nd - ഡോ. തോമസ് പാറയ്ക്കൽ ഫാമിലി (തിരൂർ)
III rd - ബേബി ജോമോൻ തെക്കേക്കര ഫാമിലി (പുതുശ്ശേരി)
III rd - ഹെന്റി വള്ളുപാറ ഫാമിലി (പെരിഞ്ചേരി)

**കാറ്റക്കിസം ലോഗോസ് ക്വിസ് –2013**

I st - പെരിഞ്ചേരി സേക്രഡ്ഹാർട്ട് ചർച്ച്
II nd - പുതുശ്ശേരി നിത്യസഹായമാതാ ചർച്ച്
III rd - കണ്ണാറ സെന്റ് ജോസഫ് ചർച്ച്
III rd - തിരൂർ സെന്റ് തോമസ് ചർച്ച്
III rd - കോട്ടപ്പടി സെന്റ് ലാസർ ചർച്ച്

**സിസ്റ്റേഴ്സ് ലോഗോസ് ക്വിസ് –2013**

I st - സ്നേഹോദയ C.S.S കോൺവെന്റ് മണ്ണുത്തി
II nd - ലിറ്റിൽ ഫ്ളവർ F.C.C കോൺവെന്റ് മമ്മിയൂർ
III rd - ഡോൺ ബോസ്കോ F.C.C കോൺവെന്റ് നെല്ലികുന്ന്
III rd - സെന്റ് സെബാസ്റ്റ്യൻ F.C.C കോൺവെന്റ് ചിറ്റാട്ടുകര

**സ്കൂൾ ലോഗോസ് ക്വിസ് –2013**

I st - ലിറ്റിൽ ഫ്ളവർ കോൺവെന്റ് ഗേൾസ് ഹൈസ്കൂൾ മമ്മിയൂർ
II nd - അസംപ്ഷൻ ഹയർ സെക്കന്ററി സ്കൂൾ പള്ളിക്കുന്ന്
III rd - നിർമ്മൽ ജ്യോതി സെൻട്രൽ സ്ക്കൂൾ മുണ്ടൂർ
III rd - സെറാഫിക് കോൺവെന്റ് ഗേൾസ് ഹൈസ്ക്കൂൾ പെരിങ്ങോട്ടുകര

ഈ വർഷത്തെ തൃശൂർ അതിരൂപത **വചന പ്രതിഭ പുരസ്ക്കാരത്തിനു അമ്പിളി ലിയോ (നടത്തറ), ലോഗോസ് പ്രതിഭാപുരസ്ക്കാരത്തിന് അനില സോജൻ(പെരിഞ്ചേരി)** എന്നിവർ അർഹരായി.

ലോഗോസ് രജിസ്ട്രേഷന് ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ഇടവകകൾക്കുള്ള 1,2,3 സ്ഥാനങ്ങൾ **സെന്റ് ജോസഫ് തീർത്ഥ കേന്ദ്രം പാവറട്ടി, സെന്റ് ആന്റണീസ് ചർച്ച് – പുതുക്കാട്, സെന്റ് ജോൺ നെപുംസ്യാൻ ചർച്ച് – പറപ്പൂർ** എന്നിവയും, ഇടവകാംഗങ്ങളുടെ അംഗ സംഖ്യക്ക് അനുപാതമനുസരിച്ച് **പൊന്നാനി സെന്റ് ആന്റണീസ് ചർച്ച്, പനമുക്ക് കാണിക്കമാതാ ചർച്ച്, കിരാലൂർ മൗണ്ട് കാർമ്മൽ ചർച്ച്** എന്നിവയും, ഏറ്റവും കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത് പരീക്ഷയ്ക്കിരുത്തിയതിന് **സെന്റ് ആന്റണീസ് ചർച്ച് – അരിമ്പൂർ, സേക്രഡ് ഹാർട്ട് ചർച്ച് – നടത്തറ, സെന്റ് സെമ്പാസ്റ്റ്യൻ ചർച്ച് – ചിറ്റാട്ടുകര** എന്നീ ഇടവകകളും യഥാക്രമം 1,2,3 സ്ഥാനങ്ങൾ നേടി. ലോഗോസ് ക്വിസിന്റെ റിസൽട്ടുകൾ

W.W.W.thrissurbibleapostolate. org എന്ന വെബ്സൈറ്റിൽ നിന്നും, ബൈബിൾ അപ്പസ്തോലേറ്റ് ഓഫീസിൽ നിന്നും (ഫോൺ. 0487 – 2320780) ലഭ്യമാണ്. അവാർഡുകൾ **2014 ജനുവരി 25 ന് (ശനി) രാവിലെ 9.30ന് തൃശൂർ തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ** വെച്ച് നടക്കുന്ന അവാർഡ് ദാനചടങ്ങിൽ വെച്ച് **മാർ. ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത, മാർ. റാഫേൽ തട്ടിൽ, മാർ. ജോസഫ് പാസ്റ്റർ നിലങ്കാവിൽ, മോൺ. ജോർജ് എടക്കുളത്തൂർ, റവ.ഡോ. ജോഷി മയ്യാറ്റിൽ K.C.B.C** എന്നിവർ വിതരണം ചെയ്യുമെന്ന് ബൈബിൾ അപ്പസ്തോലെറ്റ് ഡയറക്ടർ ഫാ. ലിജോ ചിറ്റിലപ്പിള്ളി, സെക്രട്ടറി പി.എഫ് ജോയ് എന്നിവർ അറിയിച്ചു.

**ഫാ. ലിജോ ചിറ്റിലപ്പിള്ളി**
ഡയറക്ടർ

**പി. എഫ്. ജോയ്**
സെക്രട്ടറി

Ph. : 04884 308408, 274198

## ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

- ഈ വർഷത്തെ കോളേജ് യൂണിയൻ പ്രവർത്തനങ്ങൾ 13.10.2013 ൽ പ്രമുഖ സിനി ആർടിസ്റ്റ് ടിനി ടോം ഉദ്ഘാടനം ചെയ്തു.
- കോളേജിലെ ഫൈനൽ ഇയർ വിദ്യാർത്ഥികൾക്കുവേണ്ടി FACE group-ന്റെ ആഭിമുഖ്യത്തിൽ നവംബർ 5, 6 തിയ്യതികളിൽ പ്ലേസ്മെന്റ് ട്രെയിനിംഗ് സംഘടിപ്പിച്ചു.
- നവംബർ 11, 12 തിയ്യതികളിലായി നടന്ന Infosys Placement Drive ൽ കോളേജിലെ 26 വിദ്യാർത്ഥികൾ തെരഞ്ഞെടുക്കപ്പെട്ടു.
- നവംബർ 16-ന് നടന്ന സ്റ്റാഫ് മീറ്റിംഗിൽ ഡോ. ചന്ദ്രമോഹനന്റെ നേതൃത്വത്തിൽ സ്റ്റാഫിനുവേണ്ടി ഒരു മോട്ടിവേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു.
- കോളേജിൽ പുതിയതായി ജോയിൻ ചെയ്ത സ്റ്റാഫുകൾക്കുവേണ്ടി നവംബർ 23-ന് ഒരു ഓറിയന്റേഷൻ ക്ലാസ്സ് നടത്തി.
- നവംബർ 30-ന് കോളേജ് സ്റ്റാഫ് ക്ലബിന്റെ നേതൃത്വത്തിൽ സ്റ്റാഫംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും ഉൾപ്പെടുന്ന ഒരു ഏകദിന വിനോദയാത്ര കുമരകത്തേക്ക് നടത്തി.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
എക്സിക്യൂട്ടീവ് മാനേജർ

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പസ്റ്റൊലേറ്റ് ഓഫ് ദി ട്രിച്ചൂർ ആർച്ച്ഡയോസിസ്)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

## സോഷ്യൽ ആക്ഷൻ & സോഷ്യൽ വെൽഫെയർ സെന്റർ

**നാമഹേതുക തിരുന്നാളിൽ കുരുന്നുകൾക്ക് ചികിത്സാധനസഹായം:** സാന്ത്വനത്തിന്റെ രക്ഷാധികാരി കൂടിയായ ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെ നാമഹേതുക തിരുന്നാൾ ദിനത്തിൽ മൂന്ന് കുരുന്നുകൾക്ക് ചികിത്സാധനസഹായമായി ഒരു ലക്ഷം രൂപ സമ്മാനിച്ചു. ഇടുക്കി സ്വദേശികളായ ബെന്നി-സിനി ദമ്പതികളുടെ മകൾ ശ്രവണ-സംസാരവൈകല്ല്യമുള്ള മൂന്നു വയസ്സുകാരി അൽഫോൻസക്ക് അര ലക്ഷം രൂപ സാന്ത്വനം കൈമാറി. ഗർഭാശയത്തിൽവച്ചുതന്നെ കുഞ്ഞിന് ഹൃദ്രോഗമുണ്ടെന്ന് തിരിച്ചറിഞ്ഞപ്പോൾ ഗർഭച്ഛിദ്രത്തിന് വിധേയമാക്കണമെന്ന മെഡിക്കൽ ഉപദേശം അവഗണിക്കുകയും കുഞ്ഞിന് ജന്മം നൽകിയശേഷം ഹൃദയശസ്ത്രക്രിയ നടത്തി ദൈവം നൽകിയ ജീവനെ നശിപ്പിക്കാതിരിക്കുകയും ചെയ്ത അമ്മയായ സിനിയെ സാന്ത്വനം അഭിനന്ദിച്ചു. ശ്രവണ-സംസാരവൈകല്ല്യങ്ങൾക്കുള്ള ചികിത്സാർത്ഥം ഇപ്പോൾ കാക്കനാടിലാണ് കുഞ്ഞു അൽഫോൻസ. ഹൃദയ ശസ്ത്രക്രിയക്കായി വെള്ളാങ്ങല്ലൂർ പഞ്ചായത്തിലെ അറയ്ക്കപ്പറമ്പിൽ ഷിഹാബിന്റെ മകൻ രണ്ടു വയസ്സുകാരൻ ഷിഫാസ്, വരടിയം പഞ്ചായത്തിലെ സുന്ദർരാജ്-ബിനില ദമ്പതികളുടെ മകൻ രണ്ടര വയസ്സുള്ള ജഗൻരാജ് എന്നിവരാണ് സഹായത്തിനർഹരായ മറ്റു രണ്ടുപേർ. 'ഉണ്ണിഹൃദയങ്ങൾക്ക് ഒരു കൈത്താങ്ങ്' എന്ന സാന്ത്വന ശിശുക്ഷേമ പദ്ധതിയുടെ ഭാഗമായാണ് ചികിത്സാധനസഹായം ആർച്ചുബിഷപ്പ് അനുവദിച്ചത്.

**'സാന്ത്വന ഭവനം' ശിലാസ്ഥാപനം:** അതിരൂപത സാമൂഹ്യക്ഷേമ കാര്യാലയമായ സാന്ത്വനത്തിനായി കൊക്കാലയിൽ നിർമ്മിക്കുന്ന പുതിയ ഓഫീസ് സമുച്ഛയം - 'സാന്ത്വനഭവനം' അടിസ്ഥാനശില അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ആശീർവ്വദിച്ചു.

**എയ്ഡ്സ് ബോധവൽക്കരണവുമായി 'ചിത്രശലഭങ്ങൾ':** എയ്ഡ്സ് ബാധിതർക്ക് സമൂഹത്തിൽ അർഹമായ പരിഗണന ഉറപ്പാക്കുമെന്നും തങ്ങളുടേതല്ലാത്ത കാരണത്താൽ എയ്ഡ്സ് ബാധിച്ച കുട്ടികളുടെ നിസ്സഹായതയിൽ താങ്ങാകുമെന്നും കുട്ടികൾ പ്രതിജ്ഞ ചെയ്തു. ലോക എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് പാടുക്കാട് കുംബാരൻ കോളനിയിലെ കുട്ടികൾക്കായി അങ്കമാലി ഡി പോൾ സ്കൂൾ ഓഫ് സോഷ്യൽ വർക്കിലെ വിദ്യാർത്ഥിനികളുടെ സഹകരണത്തോടെ 'ചിത്രശലഭങ്ങൾ' എന്ന പേരിൽ സോഷ്യൽ ആക്ഷൻ സംഘടിപ്പിച്ച പ്രത്യേക ബോധവൽക്കരണ പരിപാടിയിലായിരുന്നു കുട്ടികളുടെ പ്രതിജ്ഞ. ബോധവൽക്കരണത്തിന്റെ ഭാഗമായി

സെമിനാറും കലാ കായിക ക്വിസ്സ് മത്സരങ്ങളും സംഘടിപ്പിച്ചു. സോഷ്യൽ ആക്ഷൻ ഡയറക്ടർ ഫാ. പ്രിൻസ് പൂവ്വത്തിങ്കലിന്റെ അദ്ധ്യക്ഷതയിൽ വാർഡ് മെംബർ രഞ്ജിനി ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സ്വാതി അശോകൻ, രേഷ്മ രമേഷ് എന്നിവർ നേതൃത്വം നൽകി.

## ബ്ലസഡ് ഹോംസ് പദ്ധതി

പദ്ധതിയുടെ ഭാഗമായി സാന്ത്വനം നിർമ്മിച്ചുനൽകുന്ന അഞ്ച് ഭവനങ്ങളിൽ മൂന്നെണ്ണം കൈമാറി. മറ്റ് രണ്ടുവീടുകളുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. നിർമ്മാണം പൂർത്തിയാക്കി പ്രസ്തുത ഭവനങ്ങളും ക്രിസ്തുമസ്സ് സമ്മാനമായി കൈമാറാനുള്ള ഒരുക്കങ്ങൾ നടന്നുവരുന്നു.

## സ്നേഹനിധി

സ്നേഹനിധി ഫൊറോന എക്സിക്യൂട്ടീവ് യോഗം സാന്ത്വനം ഓഫീസിൽ ചേർന്നു. യോഗത്തിൽ അടുക്കളത്തോട്ട മത്സരവിജയികളെ പ്രഖ്യാപിച്ചു.

*അടുക്കളത്തോട്ടം*

ഒന്നാം സമ്മാനം: റെജി ജോഷി, കൊട്ടേക്കാട്
രണ്ടാം സമ്മാനം: ആലീസ് ജോസ്, ചിറ്റാട്ടുക്കര
മൂന്നാം സമ്മാനം: റോസി നെല്ലിശ്ശേരി, അരണാട്ടുക്കര

*മട്ടുപ്പാവ് കൃഷി*

ഒന്നാം സമ്മാനം: റോസിലി ജോജി, അരണാട്ടുക്കര
രണ്ടാം സമ്മാനം: റീന ജോസ്, എരനെല്ലൂർ
മൂന്നാം സമ്മാനം: സെലീന ഡേവീസ്, അരിമ്പൂർ

*പച്ചക്കറി കൃഷി (ഗ്രൂപ്പ്)*

ഒന്നാം സമ്മാനം: കണ്ണാറ, എസ്.എച്ച്.ജി., അതുല്ല്യ
രണ്ടാം സമ്മാനം: പുത്തൻപ്പീടിക സ്നേഹനിധി
മൂന്നാം സമ്മാനം: എരനെല്ലൂർ സ്നേഹനിധി

സ്നേഹനിധി വാർഷികയോഗം ചിറ്റാട്ടുക്കര പള്ളിയിൽ നടന്നു.

അരിമ്പൂർ സ്നേഹനിധിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ജ്വല്ലറിമേയ്ക്കിങ്ങ് പരിശീലനാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

പട്ടിക്കാട് ഫൊറോനയിൽപ്പെട്ട പട്ടിക്കാട്, കണ്ണാറ, പീച്ചി, വീണ്ടശ്ശേരി, വെള്ളക്കാരിത്തടം, ചിറക്കേക്കോട് എന്നീ യൂണിറ്റുകളിൽ ഡയറക്ടറും ടീം അംഗങ്ങളും സന്ദർശനം നടത്തി.

## ജെസ്പ് പദ്ധതി

ജെസ്പ് വിദ്യാർത്ഥികൾക്കായി ശിശുദിനത്തോടനുബന്ധിച്ച് ക്വിസ്സ് മത്സരം സംഘടിപ്പിച്ചു. ആർച്ചുബിഷപ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. ഒമ്പത് ഗ്രൂപ്പുകളിലായി നാൽപ്പത്തിയഞ്ച് വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു. ബസിലിക്ക, പെരിങ്ങോട്ടുക്കര, വിയ്യൂർ എന്നീ യൂണിറ്റുകൾ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ

നേടി. വിയജികൾക്ക് അതിരൂപത ഐ.ടി. കോർഡിനേറ്റർ ഫാ. ജോൺസൺ ഊക്കൻ സമ്മാനങ്ങൾ വിതരണം ചെയ്തു.

വിയ്യൂർ, ആളൂർ, കുരിയച്ചിറ എന്നീ യൂണിറ്റുകളിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമായി ക്ലാസ്സ് സംഘടിപ്പിച്ചു.

### സമന്വയ പദ്ധതി

പദ്ധതിയുടെ ഭാഗമായി ആരോഗ്യ കമ്മിറ്റി രൂപീകരിക്കുകയും ഡയറക്ടർ ഫാ. പ്രിൻസ് പൂവ്വത്തിങ്കലിന്റെ അദ്ധ്യക്ഷതയിൽ പ്രഥമ യോഗം നടത്തുകയും ചെയ്തു. പ്രൊജക്ട് കോർഡിനേറ്റർ സോണിയ സാം സമന്വയ പദ്ധതിയുടെ ഘടനയെ കുറിച്ച് വിശദീകരിച്ചു. ചാവക്കാട് കടലോരമേഖലയിൽ സൗജന്യ നേത്രപരിശോധന ക്യാംപ് സംഘടിപ്പിക്കാൻ യോഗം തീരുമാനിച്ചു.

### അക്ഷയ പദ്ധതി

കാത്തലിക് അസ്സോസിയേഷൻ ഓഫ് ഇന്ത്യ (CHAI)#കേരളത്തിൽ നടത്തിവരുന്ന പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി (RNTCP)#'അക്ഷയ' പദ്ധതി യുടെ ഭാഗമായുള്ള കമ്മ്യൂണിറ്റി മീറ്റിംഗുകൾ ആളൂർ, അരിമ്പൂർ, വെട്ടുക്കാട്, കുറാഞ്ചേരി, തൃശ്ശൂർ ആർച്ചുബിഷപ്സ് ഹൗസ് ഓഡിറ്റോറിയം, കൊക്കാല, പാടൂക്കാട് കുംബാരൻ കോളനി, സോഷ്യൽ ആക്ഷൻ ഹാൾ എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു. ക്ലാസ്സുകൾക്ക് കോർഡിനേറ്റർ സി.പി. ജോർജ്ജ് നേതൃത്വം നൽകി. പാണഞ്ചേരി, പുത്തൂർ പഞ്ചായത്തുകളിൽ നാനൂറോളം വീടുകളിൽ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി സർവ്വേനടപടികൾ പൂർത്തിയാക്കി. ക്ഷയരോഗ ലക്ഷണങ്ങൾ പ്രകടമായ രോഗികളെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി.

### സേവ് എ ഫാമിലി പ്ലാൻ

#### സ്പെഡ് - III

പദ്ധതിയുടെ കഴിഞ്ഞ രണ്ട് വർഷത്തെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും വേണ്ടി കനേഡിയൻ ഇന്റർനാഷണൽ ഡെവലപ്പ്മെന്റ് ഏജൻസി (CIDA) ഓഡിറ്റർ ശ്രീ. ജോൺ മോസ്കലിക്, സേവ് എ ഫാമിലി പ്ലാൻ ഇന്ത്യ അക്കൗണ്ടന്റ് ശ്രീമതി മേരി ഷാജൻ എന്നിവർ നവംബർ 8ന് സേവ് എ ഫാമിലി പ്ലാൻ ഓഫീസ് സന്ദർശിച്ചു. ഡയറക്ടർ ഫാ. തോമസ് പൂപ്പാടി ഇരുവരേയും സ്വാഗതം ചെയ്തു. സാന്ത്വനം ചെയർമാൻ ഫാ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട് ഉപഹാരങ്ങൾ സമ്മാനിച്ചു. കോർഡിനേറ്റർ സാമുവൽ പി.ജോർജ്ജ്, അസി. കോർഡിനേറ്റർ റീജോ സജി, അക്കൗണ്ടന്റ് നിജോ ആന്റണി എന്നിവർ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

പദ്ധതിയുടെ ഭാഗമായി എട്ട് വില്ലേജുകളിൽ 'കുടിവെള്ളത്തിന്റെ കാര്യക്ഷമമായ ഉപയോഗം, മാലിന്യനിർമ്മാർജ്ജനം, കൃഷിയുടെ ആവശ്യകതയും പ്രവർത്തനരീതിയും' തുടങ്ങി വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

#### ഗോഡ്സ് ഓൺ ഫാമിലി

ചേലക്കര, ലൂർദ്ദ്, വീണ്ടശ്ശേരി, ഒല്ലൂർ, തലോർ എന്നീ ഇടവകകളിലെ ഗുണഭോക്തൃ കുടുംബങ്ങളുടെ സെൻട്രൽ മീറ്റിംഗുകൾ നടത്തുകയുണ്ടായി.

പദ്ധതിയിലേക്കുള്ള ഫണ്ട് ശേഖരണാർത്ഥം ലൂർദ്ദ്, പാവറട്ടി ഇടവകകളിൽ ഫണ്ട്

മൊബിലൈസിംഗ് പ്രോഗ്രാം നടത്തി. വികാരിയച്ചന്റെയും ഇടവകക്കാരുടെയും കൂട്ടായ സഹകരണത്തിന് പ്രത്യേകം നന്ദി അറിയിക്കുന്നു.

ലൂർദ്ദ് ഇടവകയിൽനിന്നും ഇതുവരെ ലഭിച്ച സംഭാവന 4,05,839/- രൂപ.

പാവറട്ടി ഇടവകയിൽനിന്നും ഇതുവരെ 2,17,491/- രൂപ സംഭാവനയായി ലഭിച്ചു.

***സഹായഹസ്തങ്ങൾ***

സ്പോൺസേഴ്സ്

1. ശ്രീ. ജോർജ്ജ് മഞ്ഞില, തൃശ്ശൂർ
2. ശ്രീ. ഷാജി പി.ജെ., തൃശ്ശൂർ
3. ശ്രീ. ജോൺ ജോസഫ്, തൃശ്ശൂർ
4. ശ്രീ. ആന്റണി തോട്ടാൻ, തൃശ്ശൂർ
5. ശ്രീ. സിറിൽ പോൾ, തൃശ്ശൂർ
6. ശ്രീ. ഷാജൻ സെബാസ്റ്റ്യൻ, തൃശ്ശൂർ
7. ഡോ. ജോർജ്ജ് ലാസർ കെ., തൃശ്ശൂർ
8. ശ്രീമതി ജ്യോതി ജോജു, തൃശ്ശൂർ
9. ശ്രീമതി സെലിൻ ജോണി, തൃശ്ശൂർ
10. ശ്രീ. തോമസ് ടോണി, തൃശ്ശൂർ

പദ്ധതിയിൽനിന്നും സഹായം ലഭിച്ച വ്യക്തികളുടെ ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

| **ഇടവക** | **സംഖ്യ** | **ഇടവക** | **സംഖ്യ** |
|---|---|---|---|
| ചേലക്കര | 30,000 | ലൂർദ്ദ് | 1,250 |
| വീണ്ടശ്ശേരി | 25,000 | അവണൂർ | 7,000 |

**ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം (FDP)**

മോണിറ്ററിംഗ് വിസിറ്റിന്റെ ഭാഗമായി റീജിയണൽ പ്രോഗ്രാം ഓഫീസർ ശ്രീമതി ബീന ജോയ് ഭവനസന്ദർശനം നടത്തുകയും പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു. നവംബർ മാസത്തിൽ FDP മുഖേന സഹായം ലഭിച്ച വ്യക്തികളുടെ ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

| **ഇടവക** | **സംഖ്യ** | **ഇടവക** | **സംഖ്യ** |
|---|---|---|---|
| എറവ് | 25,000 | പനമുക്ക് | 9,500 |
| പാലയൂർ | 25,000 | | |

**ഡോ. ഫ്രാൻസിസ് ആലപ്പാട്ട്**
ചെയർമാൻ, സാന്ത്വനം

**ഫാ.പ്രിൻസ് പൂവ്വത്തിങ്കൽ**
ഡയറക്ടർ, സോഷ്യൽ ആക്ഷൻ & സോഷ്യൽ സെന്റർ ഹൗസിംഗ് സെക്രട്ടറി, സാന്ത്വനം & സോഷ്യൽ വെൽഫെയർ സെന്റർ

**ഫാ. തോമസ് പൂപ്പാടി**
അസോ. ഡയറക്ടർ, സോഷ്യൽ ആക്ഷൻ, & ട്രഷറർ, സാന്ത്വനം & ഡയറക്ടർ, സേവ് എ ഫാമിലി പ്ലാൻ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**ഡിസംബർ – 2013**

### ആരോഗ്യസർവ്വകലാശാല മെഡിക്കൽ പരീക്ഷ : രണ്ടുറാങ്കുകളുമായി ജൂബിലി മിഷൻ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഒന്നാം സ്ഥാനത്ത്

കേരള ആരോഗ്യ സർവ്വകലാശാല ഈ വർഷം നടത്തിയ ഒന്നാം വർഷ മെഡിക്കൽ പരീക്ഷയിൽ രണ്ടുറാങ്കുകളും, 97% വിജയവുമായി ജൂബിലി മിഷന് വിജയതിളക്കം. കേരളത്തിലെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഒന്നാം സ്ഥാനവും, ആരോഗ്യസർവ്വകലാശാലയിൽ രണ്ടാം സ്ഥാനവും ജൂബിലി മിഷന് ഈ വർഷം സ്വന്തം. ജൂബിലിയുടെ കുമാരി കാവ്യ സി. രണ്ടാംറാങ്കും, കുമാരി ചാന്ദിനി പി. ആർ. മൂന്നാംറാങ്കും കരസ്ഥമാക്കി. തിരുവനന്തപുരം മെഡിക്കൽ കോളേജിനാണ് സർവ്വകലാശാല തലത്തിൽ ഒന്നാംസ്ഥാനം. റാങ്കുജേതാക്കളെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റാഫേൽ വടക്കൻ, പ്രിൻസിപ്പൽ ഡോ. വി. കെ. രാമൻകുട്ടി, അസോ. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് എന്നിവർ അഭിനന്ദിച്ചു.

### ജൂബിലിയിൽ 'അവേക്ക് ക്രാനിയോട്ടമി' ശസ്ത്രക്രിയ വിജയകരമായി നടത്തി (03.12.2013)

ജൂബിലി മിഷൻ ആശുപത്രിയിൽ അത്യപൂർവ്വമായി നടത്തുന്ന 'അവേക്ക് ക്രാനിയോട്ടമി' ശസ്ത്രക്രിയ വിജയകരമായി നടത്തി. തല ച്ചോറിലുള്ള ശരീരഭാഗങ്ങളെ പ്രവർത്തിപ്പിക്കുന്ന കേന്ദ്രങ്ങൾക്ക് അടു ത്തായി വരുന്ന ട്യൂമർ രോഗിയെ മയക്കാതെ തന്നെ വേദന അറിയാത്ത രീതിയിൽ തലയോട്ടിയുടെ ഒരു ഭാഗം അടർത്തിമാറ്റി രോഗിയോട് സംസാ രിച്ചുകൊണ്ട് തന്നെ ട്യൂമർ ഓപ്പറേറ്റ് ചെയ്ത് മാറ്റുകയാണ് ചെയ്തത്. മയക്കി ഓപ്പറേറ്റ് ചെയ്യുമ്പോൾ ഉണ്ടായേക്കാവുന്ന സങ്കീർണതകൾ അതാ യത് ശരീരത്തിന്റെ ഏതെങ്കിലും ഭാഗങ്ങളിൽ ഉണ്ടായേക്കാവുന്ന ചലനശേഷി തകരാറ്, കാഴ്ച്ചക്കുറവ്, കേൾവിക്കുണ്ടായേക്കാവുന്ന പ്രശ്നങ്ങൾ ഓർമ്മ തകരാറുകൾ എന്നിവ ഉണ്ടാവുകയില്ല എന്നതാണ് ഈ ശ്സത്രക്രിയയുടെ ഗുണം. ശസ്ത്രക്രിയ നടന്നുകൊണ്ടിരിക്കെ തന്നെ രോഗിയോട് ശരീരഭാഗ ങ്ങളുടെ ചലനശേഷി ചോദിച്ചറിയുകവഴി, പൂർണമായും ബോധം കെടു ത്തിയുള്ള ശസ്ത്രക്രിയയിൽ ഉണ്ടായേക്കാവുന്ന ശരീരഭാഗങ്ങളുടെ തളർച്ച

ഇല്ലാതാക്കാൻ സാധിക്കുന്നു. ജൂബിലി മിഷൻ ആശുപത്രി ന്യൂറോസർജറി വിഭാഗത്തിലെ ഡോ. എസ്. രമേഷിന്റെ നേതൃത്വത്തിൽ ഡോ. മറിയം കോശി തോമസ്, ഡോ. സബാസ്റ്റ്യൻ വിലയവീടൻ, ഡോ. ജോൺ പോൾ എന്നിവ രടങ്ങുന്ന ടീമാണ് ശസ്ത്രക്രിയ വിജയകരമായി നടത്തിയത്.

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെ 6500 ചതരുശ്ര അടി വിസ്തീർണ്ണമുള്ള നവീകരിച്ച റേഡിയോളജി വിഭാഗത്തിന്റെ ഉദ്ഘാടനം

കേരള ആരോഗ്യ മന്ത്രി ശ്രീ. വി. എസ്. ശിവകുമാർ ഉദ്ഘാടനം നിർവ്വഹിച്ചു. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ചു. മധ്യ-വടക്കൻ കേരളത്തിൽ ആദ്യമായാണ് അത്യാധുനിക ഒപ്റ്റിമ 660-120 സൈസ് സിടിജിഇ മെഷീൻ സ്ഥാപിതമാവുന്നത്. അത്യാധുനിക ടെക്നോളജിയും സോഫ്റ്റ് വെയറും ഉപയോഗിച്ചിട്ടുള്ളതിനാൽ വേഗത്തിൽ ഗുണമേന്മയുള്ള സ്കാനുകൾ ലഭിക്കും. കൊറോനറി പ്ലാക്, കാൽസിഫിക്കേഷൻ, സ്റ്റെനോസിസ് മുതലായവ കണ്ടെത്തുവാനും എളുപ്പത്തിൽ സാധിക്കും. രോഗിയുടെ റേഡിയേഷൻ ഡോസ് പകുതിയായി കുറയ്ക്കുവാൻ സാധിക്കുമെന്നും അധികൃതർ പറഞ്ഞു. പുതുതായി സ്ഥാപിക്കുന്ന ഡിജിറ്റൽ റേഡിയോഗ്രഫിക്കുള്ള ഡിസ്ക്കവറി എക്സ് ആർ 656 എന്ന മെഷീൻ ഉപയോഗിച്ച് വളരെ ചെറിയ ഫ്രാക്ചറുകൾപോലും കണ്ടെത്താൻ സാധിക്കും. മേയർ ഐ. പി. പോൾ, പി. സി. ചാക്കോ എം. പി, തേറമ്പിൽ രാമകൃഷ്ണൻ എം. എൽ. എ, കെ. എ. ഡേവിസ്, ജൂബിലി മിഷൻ ഡയറക്ടർ ഫാ. റാഫേൽ വടക്കൻ, പ്രിൻസിപ്പൽ ഡോ. വി. കെ. രാമൻകുട്ടി, റേഡിയോളജി വിഭാഗം മേധാവി ഡോ. ബാലചന്ദ്രൻ നായർ എന്നിവർ പ്രസംഗിച്ചു.

## തിരുബാലസഖ്യ ആനിമേറ്റർമാർ രക്തദാനം ചെയ്തു

തിരുബാലസഖ്യ പ്ലാറ്റിനം ജൂബിലിയാഘോഷത്തോടനുബന്ധിച്ച് സംഘടനയുടെ ആനിമേറ്റർമാർ (75 പേർ) രക്തംദാനം ചെയ്തു. തിരുബാലസംഖ്യം ഡയറക്ടർ ഫാ. ഡെയ്സൺ മുണ്ടോപുറം, കോർഡിനേറ്റർ സി. മിനി, സെക്രട്ടറി എയ്ഞ്ചൽ റാഫി, ട്രഷറർ സി. രമ്യ റോസ്, പ്രോഗ്രാം കോർഡിനേറ്റർ ഫാ. ജിന്റോ പെരേപ്പാടൻ, പ്ലാറ്റിനം ജൂബിലി കമ്മിറ്റി അംഗങ്ങൾ, അതിരൂപതാ തിരുബാലസംഖ്യ ഭാരവാഹികൾ തുടങ്ങിയവർ നേതൃത്വം നൽകി.

## ലോക റേഡിയോഗ്രഫി ദിനാഘോഷം (01.12.2013)

ലോക റേഡിയോഗ്രഫി ദിനാഘോഷത്തോടനുബന്ധിച്ചു ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സംഘടിപ്പിച്ച നൂതന റേഡിയോളജി

സംവിധാനങ്ങളെക്കുറിച്ചുള്ള സെമിനാർ സമാപിച്ചു. ഇന്ത്യൻ സൊസൈറ്റി ഓഫ് റേഡിയോഗ്രാഫേഴ്സ് ടെക്നോളജിസ്റ്റും ജൂബിലി മിഷൻ മെഡിക്കൽ കോളേജ് റേഡിയോളജി വിഭാഗവും സംയുക്തമായാണ് സെമിനാർ സംഘടിപ്പിച്ചത്. കേരള ഹെൽത്ത് യൂണിവേഴ്സിറ്റി ഡീൻ ഡോ. പ്രവീൺ ലാൽ പരിപാടി ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റാഫേൽ വടക്കൻ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടേഴ്സ് ഓഫ് റേഡിയേഷൻ സേഫ്റ്റി ഡയറക്ടർ കെ. എ. ഡേവീസ് മുഖ്യപ്രഭാഷണം നടത്തി. പ്രിൻസിപ്പൽ ഡോ. വി. കെ. രാമൻകുട്ടി, റേഡിയോ വിഭാഗം മേധാവി കേണൽ ഡോ. ബാലചന്ദ്രൻ നായർ, ഐ. എസ്. ആർ. ടി അഖിലേന്ത്യാ പ്രസിഡന്റ് എ. ശെൽവകുമാർ, കെ. ജെ. ഡാനിയേൽ തുടങ്ങിയവർ സംസാരിച്ചു. സിസ്റ്റർ ലിസാന്റോ FCC സ്വാഗതവും സെക്രട്ടറി പി. സി. അനൂപ് നന്ദിയും പറഞ്ഞു.

### ആശംസകൾ അഭിനന്ദനങ്ങൾ

- കേരള കാത്തലിക്ക് ബിഷപ്പ് കൗൺസിൽ ഹെൽത്ത് കമ്മീഷൻ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ഫാ. സുനിൽ ചിരിയങ്കണ്ടത്തിന് ജൂബിലി കുടുംബത്തിന്റെ മംഗളങ്ങൾ
- ഇന്ത്യൻ ഓർത്തോപിഡിക്സ് അസോസിയേഷന്റെ സിൽവർ ജൂബിലി കമ്മെമ്മറേഷൻ അവാർഡ് 2013 നേടിയ ഡോ. രാജീവ് റാവുവിന് (ഡിപ്പാർട്ട്മെന്റ് ഓഫ് ഓർത്തോപിഡിക്സ്) ജൂബിലി കുടംബത്തിന്റെ മംഗളങ്ങൾ
- സാമൂഹ്യനന്മയെ ലക്ഷ്യമാക്കി 'മദ്യവും അതിൽ മുങ്ങുന്ന മനുഷ്യനും' എന്ന പുസ്തകം രചിച്ച സൈക്യാട്രി പ്രൊഫസർ ഡോ. ജെയിംസ് ടി. ആന്റണിക്ക് അഭിനന്ദനങ്ങൾ

### ശിശുരോഗവിഭാഗം ശില്പശാല

ജൂബിലി മിഷൻ ആശുപത്രിയിലെ ശിശുരോഗ വിഭാഗവും, നാഷണൽ നിയോനാറ്റോളജി ഫോറവും, ഇന്ത്യൻ അക്കാദമി ഓഫ് പിഡിയാട്രിക്സും സംയുക്തമായി ബെർത്ത് ആസ്ഫിക്സിയ & തെറാപ്യൂട്ടിക്ക് ഹൈപ്പോതെർമിയ എന്ന വിഷയത്തെ ആസ്പദമാക്കി വർക്ക് ഷോപ്പ് നടത്തി. മണിപ്പാൽ ആശുപത്രിയിൽനിന്നുള്ള ഡോ. രവിസ്വാമി, ഡോ. പ്രവീൺ വെങ്കിട്ടഗിരി, കോലഞ്ചേരി മെഡിക്കൽ കോളേജിൽനിന്നുള്ള ഡോ. കെ. കെ. ദിവാകർ, വെല്ലൂർ സി.എം.സി.യിൽ നിന്നുള്ള ഡോ. നിരഞ്ജൻ തോമസ് തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു.

### സൗജന്യ ഡയാലിസിസ് മെഷീൻ

ജൂബിലി മിഷൻ ആശുപത്രിക്ക് ഒരു സൗജന്യ ഡയാലിസിസ് മെഷീൻ

സംഭാവന നൽകിയ ശ്രീ. ടി. ഡി. സെബാസ്റ്റ്യൻ, മാനേജിങ്ങ് ഡയറക്ടർ, ടി.ഡി.എസ് ഗ്രൂപ്പ് ഓഫ് കൺസേൺസ്, കേരള കമ്പനി ബിൽഡിങ്ങ്, ചാവക്കാട്, തൃശ്ശൂർ ജൂബിലി കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

## ഹീമോഫീലിയ കണ്ടെത്താൻ ജൂബിലിയിൽ ലാബ് സൗകര്യമൊരുങ്ങുന്നു

ഹീമോഫീലിയ രോഗം പരിശോധിച്ച് കണ്ടെത്താൻ കേരളത്തിലാദ്യമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ലാബ് സൗകര്യമൊരുങ്ങുമെന്ന് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റാഫേൽ വടക്കൻ അറിയിച്ചു. ഇപ്പോൾ കേരളത്തിൽ ഹീമോഫീലിയ രോഗം പരിശോധിച്ച് കണ്ടെത്തുന്നതിന് സൗകര്യമില്ല. വെല്ലൂരിലേക്ക് പറഞ്ഞു വിടുകയാണ് ചെയ്യുന്നത്. വൻ ചെലവു വരുന്നതിനാലാണ് ആശുപത്രികളിൽ ലാബ് സൗകര്യം ഒരുക്കാത്തതിന്റെ കാരണം. എന്നാൽ ഹീമോഫീലിയ രോഗികളുടെ വിഷമങ്ങൾ മനസ്സിലാക്കിയാണ് ജൂബിലിയിൽ ലാബ് സൗകര്യമൊരുക്കാൻ തീരുമാനിച്ചിരിക്കുന്നത്. അടുത്ത നാലു മാസത്തിനുള്ളിൽ ലാബ് തുറക്കാനുള്ള ശ്രമത്തിലാണ്.

### അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ

- രാജ്ഭവൻ ഹൗസ് കീപ്പിങ്ങ് സർവ്വീസ്, ചെമ്പൂക്കാവ്, തൃശ്ശൂർ
- കീർത്തി സുബിൻ, നടവരമ്പ്, ഇരിങ്ങാലക്കുട, തൃശ്ശൂർ
- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ

### ഡയാലിസിസ് സ്പോൺസേഴ്സ്

- വികാരി, സെന്റ് മേരീസ് ചർച്ച്, നെന്മണിക്കര പി. ഒ., പുതുക്കാട്, തൃശ്ശൂർ (30 ഡയാലിസിസ്)
- ശ്രീ. വി. കെ. മുഹമ്മദ്, മില്ലേനിയം ഗ്രൂപ്പ് ഓഫ് കമ്പനീസ് (30 ഡയാലിസിസ്)
- വികാരി, ലിറ്റിൽ ഫ്ളവർ ചർച്ച്, ഒളരിക്കര, തൃശ്ശൂർ (70 ഡയാലിസിസ്)
- ശ്രീ. ജോസ് കുര്യൻ വാഴപ്പിള്ളി, ഹോളി ക്രോസ് ചർച്ച്, ആർത്താറ്റ് (101 ഡയാലിസിസ്)
- വികാരി, സെന്റ് തോമസ് ചർച്ച്, ഏങ്ങണ്ടിയൂർ, തൃശ്ശൂർ (150 ഡയാലിസിസ്)
- സെന്റ് ജോസഫ്സ് ചർച്ച്, കെ. സി. വൈ. എം, ആറംപിള്ളി ( 50 ഡയാലിസിസ്)

**ഫാദർ റാഫേൽ വടക്കൻ**
ഡയറക്ടർ

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## ചിൽഡ്രൻസ് മിനിസ്ട്രി

Ph: 0487 2325336, 9947582522

പ്രിയ കൂട്ടുകാരെ,

പുതുവർഷത്തിന്റെ എല്ലാവിധ മംഗളങ്ങളും നേരുന്നു. ഈ പുതിയ വർഷത്തിൽ പുതിയ തീരുമാനങ്ങളോടെ, കഴിഞ്ഞുപോയ വർഷത്തെ നല്ല അനുഭവത്തിൽ നിന്ന് നല്ല പാഠം ഉൾക്കൊണ്ട് മുമ്പോട്ട് പോകാൻ എല്ലാ കുട്ടികൾക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

¿ **Saints Quiz 2013-2014**

ഫൊറോനതലത്തിലുള്ള സെയിന്റ്സ് ക്വിസ്സ് 2013 ഡിസംബർ 29-ന് നടന്നുവെന്ന് വിശ്വസിക്കുന്നു. ഫൊറോന തലത്തിലുള്ള സെയിന്റ്സ് ക്വിസ്സിന് നേതൃത്വം നൽകിയ ഫൊറോന പ്രമോട്ടർമാർക്ക് ഒത്തിരി നന്ദി. ഫൊറോന തലത്തിൽ ഒന്നാം സ്ഥാനത്തിന് അർഹരായിരിക്കുന്ന ടീമാണ് അതിരൂപതാതലത്തിൽ 2014 ഏപ്രിൽ 27-ന് 1.30 മുതൽ 4 വരെ ഡി.ബി.സി.എൽ.സി.യിൽവെച്ച് നടത്തുന്ന സെയിന്റ്സ് ക്വിസ്സിൽ പങ്കെടുക്കേണ്ടതാണ്. അതിരൂപത സെയിന്റ്സ് ക്വിസ്സിൽ പങ്കെടുക്കാൻ വരുന്ന ടീം രജിസ്ട്രേഷൻ ഫീസ് 50 രൂപ കൊണ്ടുവരേണ്ടതാണ്. അതിരൂപതാതല മത്സരം ഓഡിയോ വിഷ്വൽ ആയിരിക്കും. ചോദ്യങ്ങൾ പൂർണ്ണമായും സെയിന്റ്സ് ക്വിസ്സ് 2013 - 2013 മത്സര പഠന സഹായി കത്തോലിക്കാസഭ മാസികയിലെ മതബോധന ചർച്ചാ സഹായി 'ദർശനം' (ജൂൺ 2013 മുതൽ ഏപ്രിൽ 2014 വരെയുള്ള) എന്നിവയിൽനിന്നും ആയിരിക്കും.

**NB:-** ഫൊറോനതലത്തിൽ നടത്തിയ സെയിന്റ്സ് ക്വിസ്സ് മത്സരത്തിന്റെ റിസൾട്ട് ജനുവരി 10-ന് മുമ്പ് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഏല്പ്പിക്കേണ്ടതാണ്.

### A. തിരുബാലസഖ്യം

¿ **ലോക തിരുബാലസഖ്യദിനം** : ലോകതിരുബാലസഖ്യദിനം ഫെബ്രുവരി രണ്ടാം ഞായറാണ് (ഫെബ്രുവരി 9). അന്നേദിവസം എല്ലാ യൂണിറ്റുകളിലും തിരുബാലസഖ്യദിനം ആചരിക്കേണ്ടതാണ്. ഈ ദിനം ഉചിതമായി ആചരിച്ച്, പ്രതിജ്ഞ ചൊല്ലി അംഗത്വം നവീകരിക്കേണ്ടതാണ്. പുതിയ അംഗങ്ങളെ ഒരുക്കി ഈ ദിവസം ചേർത്താവുന്നതാണ്.

- **അതിരൂപത തിരുബാലസഖ്യദിനാഘോഷം** : 2014 ഫെബ്രുവരി 22-ന് ഡി.ബി.സി.എൽ.സി.യിൽവെച്ച് അതിരൂപത തിരുബാലസഖ്യദിനമായി ആചരിക്കുന്നു. രാവിലെ 9.30 മുതൽ 4 മണിവരെ നടക്കുന്ന എല്ലാ പരിപാടികളിലും സഹകരിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. വി. കുർബ്ബാനയും ഉച്ചഭക്ഷണവും ഉണ്ടായിരിക്കും. ഓരോ യൂണിറ്റിൽനിന്ന് യൂണിറ്റ് ആനിമേറ്റർ, സമ്മാനർഹർ കൂടാതെ 5 കുട്ടികളെയെങ്കിലും പങ്കെടുപ്പിക്കാൻ പരിശ്രമിക്കുമല്ലോ.

## B. ജൂനിയർ സി.എൽ.സി.

- **അതിരൂപത ജൂനിയർ സി.എൽ.സി. ദിനം** : ജൂനിയർ സി.എൽ.സി.യുടെയും മിഷൻ ലീഗിന്റെയും അതിരൂപത സംഗമദിനാചരണം മതബോധനകേന്ദ്രത്തിൽ നടന്നു. വിശ്വാസജപമാലയോടുകൂടി ജൂനിയർ സി.എൽ.സി., മിഷൻ ലീഗ് ദിനാഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ റാഫേൽ തട്ടിൽ സന്ദേശം നൽകി. റവ. ഫാ. സിന്റോ പൊറുത്തൂർ വി. കുർബ്ബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചതിരിഞ്ഞ് 1.30ന് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് പതാക ഉയർത്തി പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. ജോർജ്ജ് എടക്കുളത്തൂർ പൊതുസമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. റവ. ഡോ. ജിഫി മേയ്ക്കാട്ടുകുളം, റവ. ഫാ. ജിന്റോ പെരേപ്പാടൻ, റവ. ഫാ. ജോസ് തെക്കേക്കര എന്നിവർ ആശംസകളർപ്പിച്ചു.

  അതിരൂപതാതലത്തിൽ മികച്ച യൂണിറ്റായി മേരി ഇമ്മാക്കുലേറ്റ് ചർച്ച്, മരത്താക്കര തെരഞ്ഞെടുക്കപ്പെട്ടു. മോഡൽ യൂണിറ്റുകളായി 1. സെന്റ് മേരീസ് ചർച്ച്, മഡോണ നഗർ, 2. ഹോളി ക്രോസ്സ് ചർച്ച്, ആർത്താറ്റ്, 3. ഫാത്തിമ നാഥ ചർച്ച്, കോനിക്കര, 4. ഹോളി ട്രിനിറ്റി ചർച്ച്, ഭരത, 5. ഔവർ ലേഡി ഓഫ് ഗ്രേസ് ചർച്ച്, മായന്നൂർ എന്നീ യൂണിറ്റുകളും തെരഞ്ഞെടുക്കപ്പെട്ടു. ബെസ്റ്റ് ആനിമേറ്റർ ആയി മരത്താക്കര ഇടവകയിലെ ബ്രദർ ലിയോ പെരിഞ്ചേരി തെരഞ്ഞെടുക്കപ്പെട്ടു. ബെസ്റ്റ് ആക്ടീവ് മെമ്പേഴ്സിനും അവരുടെ മാതാപിതാക്കൾക്കും കഴിഞ്ഞ ഒരു വർഷക്കാലം ജൂനിയർ സി.എൽ.സി.യേയും മിഷൻ ലീഗിനേയും നയിച്ച അതിരൂപത ഭാരവാഹികൾക്ക് പ്രത്യേക പുരസ്ക്കാരങ്ങളും, സമ്മാനങ്ങളും യോഗത്തിൽവെച്ച് നൽകി. ജൂനിയർ സി.എൽ.സി., മിഷൻ ലീഗ് ആഘോഷങ്ങളുടെ ഭാഗമായി നടന്ന കലോത്സവങ്ങളിലെ വിജയികൾക്കു തദവസരത്തിൽ സമ്മാനങ്ങൾ നൽകി. തദവസരത്തിൽ ഏറ്റവും കൂടു

തൽ ജീസസ്സ് ബേബി കളക്ഷൻ നൽകിയ ഔവർ ലേഡി ഓഫ് ഫാത്തിമ ചർച്ച്, വെള്ളാറ്റഞ്ഞൂരിനെ ബെസ്റ്റ് കളക്ഷൻ ട്രോഫി നൽകി ആദരിച്ചു.

¿ **Colours 2013 - One Day Seminar** : ഡിസംബർ 21-ാം തിയ്യതി ഡി. ബി.സി.എൽ.സി.യിൽ വെച്ച് കളേഴ്സ് 2013 - വൺ ഡേ സെമിനാർ നടത്തി. ബഹു. ബിജു ജോസഫ് ആലപ്പാട്ടച്ചൻ ക്ലാസ്സെടുത്തു. ഉച്ചഭക്ഷണത്തിനുശേഷം അത്താണി പീസ് ഹോം, കുണ്ടുകുളം കോംപ്ലക്സ്, പോപ്പ് പോൾ മേഴ്സി ഹോം എന്നീ സ്ഥാപനങ്ങൾ സന്ദർശിച്ചു. വൺ ഡേ സെമിനാറിൽ പങ്കെടുത്ത എല്ലാവർക്കും ഒത്തിരി നന്ദി.

**NB** ജൂനിയർ സി.എൽ.സി. പതാക ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ഓഫീസ് സമയം : രാവിലെ 9.30 മുതൽ വൈകുന്നേരം 5 മണി വരെ.

## C.അൾത്താര സംഘം

¿ **Hesed 2013 - One day Seminar** : നവംബർ 30-ാം തിയ്യതി ഡി.ബി. സി.എൽ.സി.യിൽ വെച്ച് Hesed 2013 - One day Seminar നടത്തി. അന്നേ ദിവസം ബെസ്റ്റ് പ്രെയർ ഫ്രണ്ട് കളക്ഷൻ കൊണ്ടുവന്ന വിമലനാഥ ചർച്ച്, പറവട്ടാനി ഇടവകയിലെ അൾത്താരബാലൻമാർക്ക് ട്രോഫി നൽകി ആദരിച്ചു. ഉച്ചഭക്ഷണത്തിനുശേഷം 3 ബസ്സിലായി പീസ്ഹോം, പോപ്പ് പോൾ മേഴ്സി ഹോം, കുണ്ടുകുളം കോംപ്ലക്സ് എന്നീ സ്ഥാപനങ്ങൾ സന്ദർശിക്കുകയും സമാഹരിച്ച പ്രെയർ ഫ്രണ്ട് കളക്ഷൻ നൽകുകയും ചെയ്തു.

**NB** അൾത്താരസംഘത്തിന്റെ പതാക ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ഓഫീസ് സമയം : രാവിലെ 9.30 മുതൽ വൈകുന്നേരം 5 മണി വരെ.

### പ്രാർത്ഥിക്കാൻ....... പ്രവർത്തിക്കാൻ - ജനുവരി 2014

| | | |
|---|---|---|
| **തിരുവചനപഠനം** | : | 'ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽനിന്ന് പഠിക്കുകയും ചെയ്യുവിൻ (മത്താ. 11:29) |
| **സുകൃത ജപം** | : | എന്റെ ദൈവമേ, എന്റെ സർവ്വസ്വമേ |
| **പ്രാർത്ഥന നിയോഗം** | : | നമ്മെ ശാസിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക. |
| **പ്രവർത്തനം** | : | മാതാപിതാക്കൻമാരെ സഹായിക്കുക. |
| **പരിചയപ്പെടുന്ന വിശുദ്ധൻ** | : | വി. ഫ്രാൻസിസ് സെയിൽസ് (ജനുവരി 24) |

കോഡിനേറ്റർ
**സി.മിനി SSPC**

ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ
**ഫാ. ഡെയ്സൺ മുണ്ടോപുറം**

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

2013 നവംബർ 24 ഞായർ തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ച് നടത്തിയ തൃശൂർ അതിരൂപതാ കാത്തലിക് നേഴ്സസ്സ് ഗിൽഡ് ഓഫ് ഇന്ത്യയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ അവലോകനത്തിനായി അതിരൂപതയിലെ വിവിധ ആശുപത്രികളിലെയും, നേഴ്സിംഗ് കോളേജുകളിലെയും നേഴ്സിംഗ് സ്ക്കൂളുകളിലെയും ഡയറക്ടർമാർ, നേഴ്സിംഗ് സൂപ്രണ്ടുമാർ, പ്രിൻസിപ്പാൾമാർ, സി.എൻ.ജി.ഐ. യൂണിറ്റ് മെമ്പർമാർ, ജൂബിലി കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവരുടെ യോഗം ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ 28.11.13ന് ഒരുമിച്ചുകൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ സിസ്റ്റർ ഹേമ മേരി എഫ്.സി.സി. (പ്രസിഡന്റ് സി.എൻ.ജി.ഐ.) ഏവർക്കും സ്വാഗതമാശംസിക്കുകയും കത്തോലിക്കാ നേഴ്സസ്സ് ഗിൽഡിന്റെ തൃശൂർ അതിരൂപത ഡയറക്ടർ ഫാ. സിജോ അരിക്കാട്ട് അദ്ധ്യക്ഷത വഹിക്കുകയും ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റാഫേൽ വടക്കൻ ജൂബിലി ആഘോഷങ്ങൾ ഗംഭീരമാക്കിയതിൽ എല്ലാവരെയും അനുമോദിക്കുകയും അഭിനന്ദിക്കുകയും ചെയ്തു. അവകാശങ്ങൾക്കുവേണ്ടി മാത്രം മുറവിളി കൂട്ടുക എന്നതിലുപരി ശുശ്രൂഷാജീവിതത്തിന്റെ കടമകളും ഉത്തരവാദിത്വങ്ങളും നിലനിർത്തുന്നതിൽ ശുശ്രൂഷകർ മുന്നോട്ട് വരണം. രോഗീപരിശീലനമാണ് യേശുനാഥന്റെ ഏറ്റവും വലിയ മിഷൻ ചൈതന്യം എന്ന് വടക്കനച്ചൻ എടുത്ത് പറയുകയുണ്ടായി. തുടർന്ന് ക്രിസ്തുമസ്സ് സന്ദേശവും ക്രിസ്തുമസ്സ് കേക്കും കൈമാറി.

തൃശൂർ അതിരൂപത സി.എൻ.ജി.ഐ. ഡയറക്ടർ ഫാ. സിജോ അരിക്കാട്ട് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ഗോൾഡൻ ജൂബിലി ആഘോഷങ്ങൾക്ക് ചുക്കാൻ പിടിച്ച എല്ലാവർക്കും നന്ദി പറയുകയും ജൂബിലി ആഘോഷത്തിന്റെ ഭാഗമായുള്ള രോഗീപരിചരണത്തിന്റെ മുന്നേറ്റം ഇടവകകളിലേക്ക് എത്തിക്കുന്നതിലും ഇടവകകളിലുള്ള കത്തോലിക്കാ നേഴ്സുമാരെ ഒരുമിച്ചുകൂട്ടി സി.എൻ.ജി.ഐ. ഇടവക യൂണിറ്റ് രൂപീകരിക്കുന്നതിനും അനാഥരും പാവപ്പെട്ടവരും കിടപ്പുരോഗികളുമായ നാനാജാതി മതസ്ഥർക്ക് 'ദിയാക്കോണിയ' പാലിയേറ്റീവ് കെയർ നൽകാനും എല്ലാവരെയും ഡയറക്ടർ ഓർമ്മപ്പെടുത്തുകയും ചെയ്തു. ഒപ്പം ഇത്തരത്തിലുള്ള സംരംഭങ്ങൾക്ക് പ്രോത്സാഹനവും സഹായവും നേതൃത്വവും നൽകാൻ ഏവരേയും ആഹ്വാനം ചെയ്യുകയും ചെയ്തു.

'ദിയക്കോണിയ പാലിയേറ്റീവ് കെയർ' എന്ന പ്രൊജക്ട് തൃശൂർ അതിരൂപതയിലെ വിവിധ ഇടവകകളിൽ കഴിയുന്ന പാവപ്പെട്ടവരും അനാഥരും

നാനാജാതി മതസ്ഥരുമായ കിടപ്പുരോഗികൾക്ക് വൈദ്യസഹായവും ശുശ്രൂഷയും നൽകുന്ന ഒന്നാണ്. അതാത് ഇടവകാതിർത്തിയിലെ നേഴ്സുമാരുടെ കൂട്ടായ പങ്കാളിത്തത്തോടെയാണ് ഒരു വർഷത്തേക്കായി ആരംഭിച്ച ഈ പ്രൊജക്ട് ലക്ഷ്യം വെയ്ക്കുക. നിരവധി ഉപകാരികളുടെ കാരുണ്യത്താൽ മുന്നോട്ട് കൊണ്ടുപോകാൻ ഈ പ്രൊജക്ട് ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ചേലക്കര ഫൊറോനയിലെ പങ്ങാരപ്പിള്ളി ഇടവകാതിർത്തിയിലുള്ള രാമൻകുട്ടി എന്ന കിടപ്പുരോഗിയെ അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ ഡയറക്ടറുടെ നേതൃത്വത്തിൽ സന്ദർശിക്കുകയും അവർക്ക് ആവശ്യമായ സാമ്പത്തികസഹായം നൽകുകയും ശുശ്രൂഷയ്ക്കായുള്ള ആരംഭം കുറിക്കുകയും ചെയ്തു. അതിനുശേഷം ഗോൾഡൻ ജൂബിലി ആഘോഷങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ നടന്നു. വിവിധ ആശുപത്രി അധികൃതർ ജൂബിലി ആഘോഷ പരിപാടികളുടെ വിജയത്തിന് അഭിനന്ദനവും തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ശക്തമായ പിന്തുണയും പ്രഖ്യാപിക്കുകയുണ്ടായി. യോഗത്തിന്റെ അവസാനത്തിൽ കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യയുടെ തൃശൂർ അതിരൂപത ട്രഷറർ സിസ്റ്റർ റാണി മരിയ എസ്.എ.ബി.എസ്. ഏവർക്കും നന്ദികളർപ്പിക്കുകയും ചെയ്തു.

ഡയറക്ടർ — സെക്രട്ടറി

**റവ.ഫാ. സിജോ അരിക്കാട്ട്** — **സി. സീന SMC**

## കാത്തലിക് യൂണിയൻ – കെ.സി.വൈ.എം.

- **കസ്തൂരിരംഗൻ റിപ്പോർട്ടിൻമേലുള്ള പ്രതികരണം**
  കസ്തൂരിരംഗൻ റിപ്പോർട്ടിലെ അപാകതകൾ നീക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രതിഷേധയോഗം സംഘടിപ്പിച്ചു. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്ത യോഗത്തിൽ ഫാ. ജിയോ കടവി, എൻ. പി. ജാക്സൻ മാസ്റ്റർ, ജോൺസൺ ജോർജ്ജ്, ആന്റോ തൊറയൻ, ഫ്രാൻസി ആന്റണി, വി. എ. വർഗ്ഗീസ്മാസ്റ്റർ, ഡേവീസ് പുത്തൂർ എന്നിവർ നേതൃത്വം നൽകി.
- **യുവജനപഠനശിബിരം – ലൂർദ്ദ് ഫൊറോന**
  കെ.സി.വൈ.എം. ലൂർദ്ദ് ഫൊറോന യുവജനപഠനശിബിരം സംഘടിപ്പിച്ചു. യുവജനങ്ങൾക്ക് സഭയെയും പ്രസ്ഥാനത്തെയും കുറിച്ച് മനസ്സിലാക്കുന്നതിന് ശ്രീ. എൻ. സി. ജോസ് മാസ്റ്റർ ക്ലാസ്സ് നയിച്ചു. മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്ത പൊതുയോഗത്തിൽ ഫാ. ജോസ് പുന്നോലിപറമ്പിൽ, ഫാ. ദിജോ ഒലക്കേങ്കിൽ, ഫാ. ജിയോ കടവി, ആന്റോ തൊറയൻ, മനോജ് പി. ജി., ലിന്റോഷ് ജോൺ, ജോസ്മോൻ കെ. ഫ്രാൻസിസ്, ടോജോ, റിൻസൻ എന്നിവർ നേതൃത്വം നൽകി.

## ¿ ജനറൽ ബോഡിയോഗം

സി.യു. – കെ.സി.വൈ.എം. ജനറൽ ബോഡിയോഗം ഡിസംബർ 1–ന് കാത്തലിക് സെന്ററിൽവെച്ച് ചേർന്നു. ചെയർമാൻ പി.ഐ. ലാസർമാസ്റ്റർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. ജിയോ കടവി മുഖ്യസന്ദേശം നൽകി.

## ¿ സൗജന്യ മെഡിക്കൽ ക്യാമ്പ്, പൂത്തൂർ

മാനസികവൈകല്യം ഉള്ള കുട്ടികൾക്കും യുവജനങ്ങൾക്കും ഉള്ള സൗജന്യ മെഡിക്കൽ ക്യാമ്പ് പൂത്തൂർ ഇടവകയിൽവെച്ച് സംഘടിപ്പിച്ചു. ഫാ. ജിയോ കടവി, ആന്റോ തൊറയൻ എന്നിവർ രൂപതയെ പ്രതിനിധീകരിച്ച് പങ്കെടുത്തു.

## ¿ പേരാമംഗലം സി.യു. – കെ.സി.വൈ.എം. സിൽവർ ജൂബിലി ആഘോഷം

പേരാമംഗലം യൂണിറ്റിന്റെ സിൽവർ ജൂബിലി ആഘോഷവും കുടുംബസംഗമവും സംഘടിപ്പിച്ചു. ഡിസംബർ 1–ന് സംഘടിപ്പിച്ച ആഘോഷചടങ്ങിൽ കെ.സി.വൈ.എം. സ്റ്റേറ്റ് പ്രസിഡന്റ് ഷിജോ മാത്യു, അതിരൂപത ഭാരവാഹികളായ പി. ഐ. ലാസർമാസ്റ്റർ, ഫാ. ജിയോ കടവി, സിസ്റ്റർ ടീന മരിയ, ജോൺസൺ ജോർജ്ജ്, ആന്റോ തൊറയൻ, ഷീബ താരു, കരോളിൻ ജോഷ്വാ എന്നിവർ പങ്കെടുത്തു.

## ¿ ഡോളേഴ്സ് ഫൊറോന യുവജന പഠനശിബിരം

ഡോളേഴ്സ് ഫൊറോന യുവജനപഠനശിബിരം കെ.സി.വൈ.എം. സ്റ്റേറ്റ് പ്രസിഡന്റ് ഷിജോ മാത്യു ഉദ്ഘാടനം ചെയ്തു. ഫാ. ജിയോ കടവി, ആന്റോ തൊറയൻ, മനോജ് പി. ജി., ലിന്റോഷ് ജോൺ, ഫാ. സെബി കവലക്കാട്ട്, ഫാ. ഡേവീസ് പുലിക്കോട്ടിൽ എന്നിവർ പങ്കെടുത്തു സംസാരിച്ചു.

## ¿ കാത്തലിക് യൂണിയൻ – എ.കെ.സി.സി. യൂണിറ്റ് രൂപീകരണം

അതിരൂപത കാത്തലിക് യൂണിയന്റെ നേതൃത്വത്തിൽ അതിരൂപതയിലെ നെല്ലിക്കുന്ന്, പള്ളിക്കുന്ന്, വെളപ്പായ, വേലൂപ്പാടം ഇടവകകളിൽ കാത്തലിക് യൂണിയൻ – എ.കെ.സി.സി. യൂണിറ്റ് രൂപീകരിച്ചു. ഫാ. ജിയോ കടവി, പി. ഐ. ലാസർ മാസ്റ്റർ, എൻ. പി. ജാക്സൺ മാസ്റ്റർ, ജോൺസൺ ജോർജ്ജ് എന്നിവർ നേതൃത്വം നൽകി.

| ഫാ. ജിയോ കടവി | ഫാ. ദിജോ ഒലക്കേങ്കിൽ | എൻ. പി. ജാക്സൺ മാസ്റ്റർ | പി. ഐ. ലാസർമാസ്റ്റർ |
|---|---|---|---|
| ഡയറക്ടർ | അസി. ഡയറക്ടർ | ജന. സെക്രട്ടറി | ചെയർമാൻ |

Ph: 0487 - 3242209, 2320040

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

## ¿ പ്രീച്ചേഴ്സ് കൗൺസിലേഴ്സ് കൂട്ടായ്മ

2013 നവംബർ 4-ാം തിയ്യതി തിങ്കളാഴ്ച രാവിലെ 9.30ന് ജപമാലയോടെ പ്രീച്ചേഴ്സ് കൗൺസിലേഴ്സ് കൂട്ടായ്മ ആരംഭിച്ചു. കുമ്പസാരം, വി. കുർബ്ബാന, ആരാധന എന്നിവ ഉണ്ടായിരുന്നു. നവീകരണത്തിൽ പ്രവർത്തിക്കുന്നവർക്ക് വ്യക്തിപരമായ പ്രാർത്ഥന അനിവാര്യമാണെന്ന് ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം തന്റെ സന്ദേശത്തിൽ ഉദ്ബോധിപ്പിച്ചു. അതിരൂപതയിലെ പ്രീച്ചേഴ്സ് കൗൺസിലേഴ്സ് 300 പേരോളം പങ്കെടുത്തു. 3 മണിക്ക് പര്യവസാനിച്ചു.

## ¿ ക്രിസ്റ്റീൻ ഏകദിനകൂട്ടായ്മ

ക്രിസ്റ്റീൻ ഏകദിന കൂട്ടായ്മ 2013 നവംബർ 9-ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30ന് ആബാ കേന്ദ്രത്തിൽ ആരംഭിച്ചു. ദൈവസ്തുതിപ്പുകളിലൂടെയും ആരാധനകളിലൂടെയും ദൈവത്തെ പാടി സ്തുതിക്കാനും ആരാധിക്കാനും കുഞ്ഞുമക്കൾക്ക് സാധിച്ചു. വി. ബലിയിൽ നന്ദിയർപ്പണവും നടത്തി. റവ. ഫാ. ജോയ് കുത്തൂർ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. 3 മണിക്ക് സമാപിച്ചു.

## ¿ സ്നേഹജ്വാല പ്രകാശനം

തൃശൂർ അതിരൂപതാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ മുഖപത്രമായ സ്നേഹജ്വാലയുടെ ഔപചാരികമായ പ്രകാശനം 2013 നവംബർ 17-ാം തിയ്യതി ഞായറാഴ്ച ദൈവശബ്ദം കൺവെൻഷനിൽ വെച്ച് മാർ റാഫേൽ തട്ടിൽ പിതാവ് അതിരൂപതാ കോ-ഓർഡിനേറ്റർ ശ്രീ. എം. എ. ബാബുവിന് നൽകി പ്രകാശനം ചെയ്തു. ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം, പത്രാധിപർ ശ്രീ. സാബു എം. വർഗ്ഗീസ്, സർവ്വീസ് ടീം സെക്രട്ടറി വി. വി. ജോസ് എന്നിവർ സന്നിഹിതരായിരുന്നു.

## ¿ റവ. സിസ്റ്റർ ഗ്രേയ്സ് തോമസിനെ അഭിനന്ദിച്ചു

കരിസ്മാറ്റിക നവീകരണ മുന്നേറ്റത്തിന്റെ ആരംഭകാല പ്രവർത്തകയും ഇപ്പോൾ കെ.എസ്.ടി. മെമ്പറും ആയ റവ. സി. ഗ്രേയ്സ് തോമസിന്റെ സന്യാസജീവിതത്തിന്റെ രജതജൂബിലിക്ക് സർവ്വീസ് ടീം അഭിനന്ദനം അർപ്പിച്ചു. 2013 നവംബർ 26-ാം തിയ്യതി ചൊവ്വാഴ്ച കൂടിയ സർവ്വീസ് ടീം യോഗത്തിൽ ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം സിസ്റ്ററിന്റെ

നിസ്തുലസേവനത്തെ മുക്തകണ്ഠം പ്രശംസിച്ച് ഷാൾ അണിയിച്ചു. സെക്രട്ടറി വി. വി. ജോസ് പൂച്ചെണ്ട് നൽകി വരവേറ്റു. കോ-ഓർഡിനേറ്റർ എം. എ. ബാബു സ്വാഗതമേകി.

**¿ സർവ്വീസ് ടീം ചേർന്നു**

തൃശൂർ അതിരൂപതാ കരിസ്മാറ്റിക് മുന്നേറ്റത്തിന്റെ രൂപതാ സേവനസമിതി യോഗം 2013 നവംബർ മാസം 26-ാം തിയ്യതി ചൊവ്വാഴ്ച ആബാ കേന്ദ്രത്തിൽ പ്രാർത്ഥനയോടെ ആരംഭിച്ചു. ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം അദ്ധ്യക്ഷത വഹിച്ചു. വ്യക്തിപരമായ പ്രാർത്ഥനയുടെയും മദ്ധ്യസ്ഥപ്രാർത്ഥനയുടെയും ആവശ്യകത അച്ചൻ എടുത്തുപറഞ്ഞു. സഭക്കുവേണ്ടി, രൂപതയ്ക്കുവേണ്ടി ആഴ്ചയിൽ 1 മണിക്കൂർ പ്രാർത്ഥന നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾക്കായി നിർദ്ദേശം നൽകി. ഫെയ്ത്ത് ഫെസ്റ്റ് 2013 ന്റെ വിജയത്തിനായി പ്രാർത്ഥിച്ചു. വൻവിജയമായി തീരുവാൻ യത്നിക്കാൻ കരിസ്മാറ്റിക് നേതൃത്വനിരയിലുള്ളവരോട്ആഹ്വാനം ചെയ്തു. വിവിധ മിനിസ്ട്രികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാനുള്ള നിർദ്ദേശം നൽകി. സർവ്വീസ് ടീം കുടുംബകൂട്ടായ്മ 16.12.2013 മുതൽ ആരംഭിക്കുവാനും, സർവ്വീസ് ടീമിന്റെ നേതൃത്വത്തിൽ ഗോവ തീർത്ഥാടനം നടത്തുവാനും തീരുമാനിച്ചു.

**¿ മദ്ധ്യസ്ഥപ്രാർത്ഥനാകൂട്ടായ്മ**

അതിരൂപതയിലുള്ള ഇടവകയിലെ മദ്ധ്യസ്ഥ പ്രാർത്ഥനാപ്രതിനിധികളുടെ ഏകദിന കൂട്ടായ്മ 2013 നവംബർ 29-ാം തിയ്യതി വെള്ളിയാഴ്ച ആബയിൽ ചേർന്നു. ജപമാലയോടെ 9.30ന് ആരംഭിച്ചു. വി. കുർബ്ബാനയും ആരാധനയും ഉണ്ടായിരുന്നു. അതിനുശേഷം നടന്ന യോഗത്തിൽ റവ. ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ അദ്ധ്യക്ഷനായിരുന്നു. പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ച് അച്ചൻ അംഗങ്ങളെ ഉദ്ബോധിപ്പിച്ചു. രൂപതയിൽ മദ്ധ്യസ്ഥപ്രാർത്ഥന ശക്തിപ്പെടുത്തുവാൻ തീരുമാനിച്ചു. 3.30ന് സമാപിച്ചു. കൂടാതെ ജനുവരി മാസം മുതൽ എല്ലാ ഇടവകയിലും വെള്ളിയാഴ്ചകളിൽ 3 മണി മുതൽ 4 മണിവരെ ഇടവക പ്രാർത്ഥനാ കൂട്ടായ്മയിലുള്ളവർ മാദ്ധ്യസ്ഥ പ്രാർത്ഥന നടത്തുവാൻ തീരുമാനിച്ചു.

| | | |
|---|---|---|
| **ഫാ. ഷാജൻ തേർമഠം** | **വി.വി. ജോസ്** | **എം.എ. ബാബു** |
| ഡയറക്ടർ | സെക്രട്ടറി | കോ-ഓർഡിനേറ്റർ |

# കുടുംബക്കൂട്ടായ്മ

¿ **കുടുംബകൂട്ടായ്മ അതിരൂപത കേന്ദ്രസമിതി മീറ്റിംഗ്**

കുടുംബകൂട്ടായ്മ അതിരൂപത കേന്ദ്രസമിതി മീറ്റിംഗ് ഡിസംബർ 7 ശനിയാഴ്ച ബഹു. ഡയറക്ടർ ലോറൻസ് തൈക്കാട്ടിലച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. കുടുംബകൂട്ടായ്മ ദേശീയ കൺവെൻഷനിൽ പങ്കെടുത്തവർ അവരുടെ അനുഭവം പങ്കുവെച്ചു.

¿ **ഫൊറോന ഇലക്ഷനുകൾ**

കുടുംബകൂട്ടായ്മകളുടെ ഫൊറോന കേന്ദ്രസമിതി രൂപീകരണങ്ങൾ ബഹു. ഡയറക്ടറച്ചൻമാരുടെ ആഭിമുഖ്യത്തിൽ നടന്നു. ഫൊറോന വികാരിമാരും ഫൊറോന ആനിമേറ്റർമാരും നേതൃത്വം നൽകി. ഫൊറോന കൺവീനർമാരും മറ്റു ഭാരവാഹികളും അനുബന്ധസൗകര്യങ്ങളൊരുക്കി. പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് പ്രാർത്ഥനാമംഗളങ്ങൾ. നിലവിലെ ഭാരവാഹികൾക്ക് നന്ദിയുടെ പൂച്ചെണ്ടുകൾ.

¿ **അതിരൂപത ഇലക്ഷൻ**

ഫെബ്രുവരിമാസത്തിലാണ് അതിരൂപത ഇലക്ഷൻ നിശ്ചയിച്ചിരിക്കുന്നത്. ദിവസം പിന്നീട് അറിയിക്കുന്നതാണ്. ഫൊറോനയിലെ തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളും ബഹു. ഫൊറോന വികാരി നോമിനേറ്റു ചെയ്ത രണ്ടംഗങ്ങളടക്കം (നോമിനേഷൻ ഉണ്ടെങ്കിൽ മാത്രം) 9 പേരാണ് അതിരൂപത ഇലക്ഷൻ ജനറൽ ബോഡിയിൽ പങ്കെടുക്കേണ്ടത്. ഇവരുടെ ലിസ്റ്റ് ജനുവരി 15-ന് മുമ്പായി അതിരൂപതാ കേന്ദ്രസമിതി ഓഫീസിലെത്തിക്കേണ്ടതാണ്. ബഹു. ആനിമേറ്ററച്ചൻമാർ ശ്രദ്ധിക്കുമല്ലോ!

¿ **മാതൃക കുടുംബകൂട്ടായ്മ 2013**

തൃശൂർ അതിരൂപതയിലെ 2700 ഓളം വരുന്ന കുടുംബകൂട്ടായ്മകളിൽ നിന്നും 2013 ലെ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി, ഏറ്റവും മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയ കുടുംബകൂട്ടായ്മകളെ തെരഞ്ഞെടുക്കുന്നു. ഇതിന്റെ മാനദണ്ഡങ്ങളും പ്രത്യേക ഫോമും 2013 ജനുവരി മാസത്തിൽ തന്നെ നൽകിയിട്ടുണ്ട്. പ്രസ്തുത ഫോമും അനുബന്ധ തെളിവുകളും അതിരൂപത ഓഫീസിലെത്തിക്കേണ്ട അവസാന തിയ്യതി ഫെബ്രുവരി 15 ആണ്. ഇടവക കേന്ദ്രസമിതി കൺവീനർമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

| | | |
|---|---|---|
| **ഫാ. ലോറൻസ് തൈക്കാട്ടിൽ** | **തൊമ്മി പിടിയത്ത്** | **ഡോ. ഡെയ്സൺ പാണേങ്ങാടൻ** |
| **ഡയറക്ടർ** | **ജന. കൺവീനർ** | **ജന. സെക്രട്ടറി** |

# മാതൃസംഘം

- ഡിസംബർ 16-ാം തിയ്യതി ഉച്ചക്ക് 1.30 മുതൽ ചേർന്ന മാതൃസംഘം യോഗം കുടുംബബന്ധങ്ങളുടെ ശൈഥില്യത്തെക്കുറിച്ചും അവരുടെ മക്കൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും ഒരു ചർച്ചാക്ലാസ്സ് നടത്തുകയുണ്ടായി. ഏകദേശം 250 അമ്മമാർ പങ്കെടുത്തു.
- ജനുവരി 7-ാം തിയ്യതി തിരുക്കുടുംബം നയിച്ച വിശ്വാസജീവിതത്തെക്കുറിച്ച് ഒരു സെമിനാർ ഉച്ചയ്ക്ക് 1.30ന് നടത്തുന്നുണ്ട്. അന്നുതന്നെയാണ് 2014 ലെ വാർഷിക പരിപാടി പ്രകാശനവും. ഇടവകയിൽനിന്നുള്ള ഭാരവാഹികളാണ് 7-ാം തിയ്യതിയിലെ മീറ്റിംഗിൽ പങ്കെടുക്കേണ്ടത്. പുതുവത്സര - സ്നേഹാശംസകളോടെ........

| | | |
|---|---|---|
| **ഫാ. ലോറൻസ് തൈക്കാട്ടിൽ** | **ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ** | **ലീലമാത്യു** |
| **ഡയറക്ടർ** | **അസി. ഡയറക്ടർ** | **പ്രസിഡന്റ്** |

# സി.എൽ. സി.

- **സി.എൽ.സി. വാർഷിക കൺവെൻഷനും പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണവും നടന്നു**

തൃശൂർ അതിരൂപത സി.എൽ.സി.യുടെ വാർഷിക കൺവെൻഷനും 2014 - 2015 വർഷത്തെ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണവും സത്യപ്രതിജ്ഞയും നടന്നു. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപത സി.എൽ.സി. പ്രമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് സ്ഥാനാരോഹണ സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അതിരൂപത പ്രസിഡന്റ് വിനേഷ് ജെ. കൊളേങ്ങാടൻ നിയുക്ത പ്രസിഡന്റ് ഡിൽജോ തരകന് സ്ഥാനം കൈമാറി. സംസ്ഥാന പ്രസിഡന്റ് ജോജോ ജോർജ്ജ് പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി. തുടർന്ന് നയപ്രഖ്യാപന പ്രസംഗവും നടത്തി. ചടങ്ങിൽവെച്ച് അതിരൂപതയിലെ മികച്ച മോഡൽ യൂണിറ്റുകൾക്കുള്ള അവാർഡുവിതരണവും യൂണിറ്റുകൾക്കുള്ള അഫലിയേഷൻ സർട്ടിഫിക്കറ്റും സംസ്ഥാന ദേശീയ അവാർഡ് ജേതാവ് മുൻ രൂപത പ്രസിഡന്റ് എ. ഡി. ഷാജുവിനും അവാർഡ് സമ്മാനിച്ചു. അതിരൂപത വൈസ് പ്രസിഡന്റ് എലിസബത്ത് പൗലോസ് സ്വാഗതം പറഞ്ഞു. റവ. ഫാ. ജിന്റോ പെരേപ്പാടൻ അനുമോദനപ്രസംഗവും മുൻ രൂപത പ്രമോട്ടർ റവ. ഫാ. മാർട്ടിൻ കൊളമ്പ്രത്ത് ആശംസയുമേകി. രൂപത ജോ. സെക്രട്ടറി ബിജിൽ സി. ജോസഫ് റിപ്പോർട്ട് അവതരിപ്പിച്ചു. അതിരൂപത ട്രഷറർ ഫ്രെഡി

സി. ഡിക്രൂസ് നന്ദി പറഞ്ഞു. പൊതുസമ്മേളനത്തിനിടെ വിവിധ യൂണിറ്റുകളുടെ കലാപരിപാടികൾ ഉണ്ടായിരുന്നു.

**¿ അതിരൂപത സി.എൽ.സി. 2014 – 2015 വർഷത്തെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു**

തൃശൂർ അതിരൂപത സി.എൽ.സി.യുടെ 2014 – 2015 വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു. 2013 നവംബർ 10–ന് തൃശൂർ ഫാമിലി അപ്പസ്തോലേറ്റിൽ നടന്ന അതിരൂപത ഇലക്ഷൻ ക്യാമ്പിൽ വെച്ച് താഴെപ്പറയുന്നവരെ തിരഞ്ഞെടുത്തു.

| | |
|---|---|
| പ്രസിഡന്റ് | ഡിൽജോ തരകൻ (ചൊവ്വന്നൂർ) |
| വൈസ് പ്രസിഡന്റ് | ലിന്റോ കൊളേങ്ങാടൻ (കൊട്ടേക്കാട്) |
| | അലീന കെ.എ. (പുത്തൂർ) |
| | നോബി മേനാച്ചേരി (മണ്ണുത്തി) |
| ജന. സെക്രട്ടറി | ബിജിൽ സി. ജോസഫ് (പറപ്പൂർ) |
| ജോ. സെക്രട്ടറി | ബിനോയ് കൊമ്പൻ (ചിറ്റിശ്ശേരി) |
| | റോഷ്ന സെബാസ്റ്റ്യൻ (അമ്മാടം) |
| | സിൻജ പോൾ സി. (ചിറ്റാട്ടുകര) |
| ട്രഷറർ | ഫ്രെഡി സി. ഡിക്രൂസ് (എൽത്തുരുത്ത്) |
| ഓർഗനൈസർ | ബിനോയ് കാറളത്തുകാരൻ (പുത്തൂർ) |
| സോണൽ ഓർഗനൈസർ | സിന്റോ കെ. ടി. (എരുമപ്പെട്ടി) |
| | ജിയോ കെ. ജോർജ്ജ് (ലൂർദ്ദ്) |
| | അനീഷ് പൂത്തറയ്ക്കൽ (പൂത്തറയ്ക്കൽ) |
| | അനിൽ മുട്ടത്ത് (കോട്ടപ്പടി) |
| ഉഷസ്സ് | ജോമി ജോൺസൺ (കൂനംമൂച്ചി) |
| എക്സിക്യൂട്ടീവ് | ജാസ്മിൻ ഫ്രാൻസിസ് (അരണാട്ടുകര) |
| | ടോംസി തോമസ് (വെണ്ടൂർ) |
| | ഷാനി എം. എസ്. (പോന്നോർ) |
| | ജെഫിൻ ടി. ജെ. (കണ്ടശ്ശാംകടവ്) |
| | ലിജോ ജോസഫ് (പീച്ചി) |
| | സച്ചിൻ സണ്ണി (ചേർപ്പ്) |
| ജന. കോർഡിനേറ്റർ | വിനേഷ് ജെ. കൊളേങ്ങാടൻ (കൊട്ടേക്കാട്) |

**¿ സി.എൽ.സി. ക്രിസ്തുമസ്സ് ആഘോഷം നടത്തി**

തൃശൂർ അതിരൂപത സി.എൽ.സി. ക്രിസ്തുമസ്സ് ആഘോഷം നടന്നു. ക്രിസ്തുമസ്സ് ആഘോഷങ്ങളുടെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജേക്കബ്

തൂങ്കുഴി നിർവ്വഹിച്ചു. ക്രിസ്തുമസ്സ് സന്ദേശം റവ. ഫാ. ജിയോ തെക്കിനിയത്ത് നൽകി.

### ¿ മദർ തെരേസ ചിത്രരചനാമത്സരം നടത്തി

തൃശൂർ അതിരൂപത സി.എൽ.സി.യുടെ നേതൃത്വത്തിൽ 15-ാമത് മദർ തെരേസ അനുസ്മരണ ചിത്രരചനാ മത്സരം തൃശൂർ തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ച് നടന്നു. 3 വയസ്സു മുതൽ 18 വയസ്സു വരെയുള്ള വിദ്യാർത്ഥികൾക്കായി നടന്ന മത്സരത്തിൽ എൽ.പി. സെക്ഷനിൽ നിർമ്മലമാതാ സെൻട്രൽ സ്ക്കൂൾ, യു.പി. സെക്ഷനിൽ ദേവമാതാ സി.എം.ഐ. സ്ക്കൂൾ, ഹൈസ്ക്കൂൾ സെക്ഷനിൽ ദേവമാതാ സി.എം.ഐ. സ്ക്കൂൾ, ഹയർ സെക്കണ്ടറി സ്ക്കൂൾ സെക്ഷനിൽ ഹോളിഫാമിലി സ്ക്കൂൾ എന്നിവർക്ക് കൂടുതൽ പോയിന്റ് നേടി ട്രോഫികൾ നേടി. അതിരൂപത വൈസ് ചാൻസലർ റവ. ഫാ. ഡൊമിനിക് തലക്കോടൻ മദർ തെരേസ ചിത്രകലാമേള ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് സമ്മാനവിതരണം നടത്തി. അതിരൂപത പ്രസിഡന്റ് വിനേഷ് ജെ. കോളേങ്ങാടൻ അദ്ധ്യക്ഷത വഹിച്ചു. കൺവീനർ ബിനോയ് കാറളത്തുകാരൻ സ്വാഗതവും, അസി. പ്രമോട്ടർ റവ. ഫാ. ജിന്റോ പെരേപ്പാടൻ ആശംസയേകി. അതിരൂപത ഭാരവാഹികളായ ഡിൽജോ തരകൻ, ബിജിൻ സി. ജോസഫ്, ഫ്രെഡി സി. ഡിക്രൂസ്, സ്റ്റെഫി തോമസ് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

**റവ. ഫാ. ജിയോ തെക്കിനിയത്ത്**
**പ്രമോട്ടർ**

**റവ. ഫാ. ജിന്റോ പെരേപ്പാടൻ**
**അസി. പ്രമോട്ടർ**

**ബിജിൽ സി. ജോസഫ്**
**പി. ആർ. ഒ**

## ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശൂർ കൂരിയായുടെ 682-ാമതും, കമ്മീസിയത്തിന്റെ 669-ാമതും സമ്മേളനം 2013 ഡിസംബർ 8-ന് സെന്റ് മേരീസ് കോളേജ് ജൂബിലി ഹാളിൽവെച്ച് കമ്മീസിയം പ്രസിഡന്റ് ബ്രദർ കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിൽ പ്രാരംഭപ്രാർത്ഥനയോടും ജപമാലയോടും കൂടി ഉച്ചക്ക് 1 മണിക്ക് ആരംഭിച്ചു. പ്രസിഡന്റിന്റെ ജ്ഞാനവായനയ്ക്കു ശേഷം കമ്മീസിയത്തിന്റെ 53-ാം വാർഷിക റീയൂണിയൻ സമ്മേളനം 2 മണിക്ക് ആരംഭിച്ചു.

നെല്ലിക്കുന്ന് അമലോത്ഭവനാഥാ പ്രസിദീയം മരിയസൈനികർ പ്രാരംഭഗാനത്തോടെ ആരംഭിച്ച സമ്മേളനത്തിൽ കമ്മീസിയം പ്രസിഡന്റ് സ്വാഗതം പറഞ്ഞു. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു.

കമ്മീസിയം ആദ്ധ്യാത്മിക നിയന്താവ് റവ. ഫാ. മാത്യു ചാക്കേരി അദ്ധ്യക്ഷത വഹിച്ചു. കമ്മീസിയം അസി. ആദ്ധ്യാത്മിക നിയന്താവും, സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പാളുമായ റവ. ഡോ. സി. ക്രിസ്‌ലിൻ അനുഗ്രഹപ്രഭാഷണവും അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു.

കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യയുടെ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഡോ. മേരി റെജീനയെ ബഹു. മാത്യു ചാക്കേരി അച്ചൻ അനുമോദിക്കുകയും അഭിവന്ദ്യ തട്ടിൽ പിതാവ് പൂച്ചെണ്ട് നൽകി യോഗത്തിൽ വെച്ച് ആദരിക്കുകയും ചെയ്തു. എല്ലാ മരിയ സൈനികർക്കും ക്രിസ്തുമസ്സിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് പിതാവ് ക്രിസ്തുമസ്സ് കേക്ക് മുറിച്ച് വിതരണം ചെയ്തു.

കമ്മീസിയം സെക്രട്ടറി ബ്ര. പി. സി. കുരിയപ്പൻ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. കവിത അവതരിപ്പിച്ച സി. കൊച്ചന്നം ഫ്രാൻസിസ് (ലൂർദ്ദ്നാഥ പ്രസീദിയം), മംഗളഗാനമാലപിച്ച സി. തങ്കമ്മ ജോസഫ് (മരത്താക്കര - മാലാഖമാരുടെ രാജ്ഞി പ്രസീദിയം), ഗാനമാലപിച്ച മേരി ജോർജ്ജ് (ചിറ്റാട്ടുകര - എത്രയും നിർമ്മലയായ മാതാവ് പ്രസീദിയം), പാലക്കാട് കാഞ്ഞിരപ്പുഴ കൂരിയായിൽനിന്ന് എത്തിച്ചേർന്ന പ്രായം കൂടിയ സഹോദരി സി. മേരി വീഴാമല (അമലോത്ഭവമാതാ പ്രസീദിയം - കാഞ്ഞിരപ്പുഴ) എന്നിവരെ അഭിവന്ദ്യ പിതാവ് സമ്മാനം നൽകി ആദരിക്കുകയുണ്ടായി.

സൈനികജപശൃംഖലയ്ക്ക് ശേഷം നെല്ലിക്കുന്ന്, നടത്തറ, ലൂർദ്ദ് കത്തീഡ്രൽ, അരിമ്പൂർ പ്രസീദിയങ്ങളിലെ മരിയ സൈനികർ വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയുണ്ടായി. ഡിസംബർ 27-ന് അതിരൂപതാതലത്തിൽ നടക്കുന്ന ക്രിസ്തുമസ്സ് ആഘോഷപരിപാടിയിൽ പങ്കെടുക്കുന്നതിനും, സംഘടനയുടെ പൊതുവായ നിർദ്ദേശങ്ങൾ പ്രസിഡന്റ് നൽകിയതിനുശേഷം വൈസ് പ്രസിഡന്റ് സി. എൽസി ചുമ്മാർ നന്ദി പറഞ്ഞു. ബ്ര. കെ. പി. ജോയ് പ്രസിഡന്റ് നടത്തിയ അവസാനപ്രാർത്ഥനയ്ക്കുശേഷം വാർഷിക റീയൂണിയൻ സമ്മേളനം 5 മണിക്ക് സമാപിച്ചു.

ഏവർക്കും പുതുവത്സരാശംസകൾ,

ദിവ്യനാഥയുടെ സേവനത്തിൽ

കമ്മീസിയം സെക്രട്ടറി

**പി. സി. കുരിയപ്പൻ**

# സൊസൈറ്റി ഓഫ് വിൻസെന്റ് ഡി പോൾ

**സി.സി.വാർത്തകൾ**

- ടിന്നേജ്, സ്കോളർഷിപ്പ് ഗ്രാന്റ് 4,80,438 രൂപ കോൺഫ്രൻസുകൾക്ക് വിതരണം ചെയ്തു.
- തൃശൂർ വെസ്റ്റ് ഏ.സി.യിലെ അരണാട്ടുകര വനിതാ, വേലൂർ ഏ.സി. യിലെ തലക്കോട്ടുകര, ചേലക്കര ഏ.സി.യിലെ പങ്ങാരപ്പിള്ളി വനിത എന്നീ കോൺഫ്രൻസുകൾക്ക് പ്രോജക്ട് ഗ്രാന്റ് 1,38,746 രൂപ വന്നു.
- ജനുവരി 12 ഞായറാഴ്ച 2 മണി മുതൽ 4 മണിവരെ സി.സി. പ്രസിഡന്റ് തിരഞ്ഞെടുപ്പ് വിൻസെൻഷ്യൻ കോംപ്ലക്സിൽ വെച്ച് നടക്കുന്നു.
- അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിനും, മാർ ജേക്കബ് തൂങ്കുഴി പിതാവിനും ജന്മദിനാശംസകൾ നേർന്നു. പ്രസിഡന്റ് ബ്രദർ എം. എ. കുരിയപ്പൻ രണ്ട് പിതാക്കൻമാർക്കും സാരി സമ്മാനിച്ചു.
- കോൺഫ്രൻസ് പ്രസിഡന്റുമാരുടെ യോഗം സ്പി. ഡയറക്ടർ റവ. ഫാ. മാത്യു ചാക്കേരി ഉദ്ഘാടനം ചെയ്തു. സി.സി. പ്രസിഡന്റ് ബ്രദർ എം. എ. കുരിയപ്പൻ അദ്ധ്യക്ഷത വഹിച്ചു.
- ഒല്ലൂർ ഏരിയ കൗൺസിൽ വാർഷികം സി. സി. പ്രസിഡന്റ് ബ്രദർ എം. എ. കുരിയപ്പന്റെ അദ്ധ്യക്ഷതയിൽ കൂടി. സഹായ മെത്രാൻ മാർ റാഫേൽ തട്ടിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഏ. സി. ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഡോ. ജോർജ്ജ് കോമ്പാറ അനുഗ്രഹപ്രഭാഷണം നടത്തി. നാഷണൽ കൗൺസിൽ വനിത പ്രതിനിധ സിസ്റ്റർ എലിസബത്ത് പൗലോസ്, പുതുക്കാട് ഏ.സി. പ്രസിഡന്റ് ബ്രദർ കെ. കെ. പോൾസൺ, ഒല്ലൂർ പള്ളി ട്രസ്റ്റി ശ്രീ. ഡേവീസ് കൊള്ളന്നൂർ എന്നിവർ ആശംസ നേർന്നു.
- തൃശൂർ വെസ്റ്റ് ഏ.സി. ക്രിസ്തുമസ്സ് ആഘോഷം പുല്ലഴി സെന്റ് ജോസഫ് ഹോമിൽവെച്ച് ബസിലിക്ക റെക്ടർ റവ. ഫാ. ഡേവീസ് പുലിക്കോട്ടിൽ ഉദ്ഘാടനം ചെയ്തു. കൗൺസിൽ പ്രസിഡന്റ് ബ്രദർ പ്രേംപ്രകാശ് ലൂവീസ് അദ്ധ്യക്ഷത വഹിച്ചു. സി.സി. പ്രസിഡന്റ് ബ്രദർ എം. എ. കുരിയപ്പൻ ആശംസ നേർന്നു. സി. സി. സെക്രട്ടറി ബ്രദർ ഷിബു കാഞ്ഞിരത്തിങ്കൽ സ്വാഗതവും സിസ്റ്റർ പ്രേമ മൈക്കിൾ നന്ദിയും പറഞ്ഞു.

**റവ. ഫാ. മാത്യു ചാക്കേരി**
സി.സി സ്പിരിചാൽ ഡയറക്ടർ

**ബ്ര. ഷിബു കാഞ്ഞിരത്തിങ്കൽ**
സി.സി. സെക്രട്ടറി

# വാർത്തകൾ

¿ തൃശൂർ : 2013 – 2014 അദ്ധ്യയനവർഷം സ്ക്കൂൾ കാറ്റിക്കീസം & മോറൽ സയൻസ് വാർഷികപരീക്ഷ 2014 ജനുവരി 24–ന് നടക്കുന്നു.

¿ തൃശൂർ : Trichur Archdiocesan ദൈവശാസ്ത്രവിദ്യാപീഠത്തിൽ നിന്നും മൂന്ന് വർഷത്തെ B.A. in Theology and Reiligious Studies-ന്റെ ഒരു പുതിയ ബാച്ച് 2014 മാർച്ചിൽ ആരംഭിക്കുന്നതാണ്. എല്ലാ ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 2 മണി മുതൽ 5 മണി വരെ ആയിരിക്കും ക്ലാസ്സുകൾ. വിദ്യാഭ്യാസയോഗ്യതയും വിശ്വാസസബോധ്യങ്ങളിൽ ആഴപ്പെടാൻ ആഗ്രഹിക്കുകയും ചെയ്യുന്ന എല്ലാ അത്മായർക്കും സന്യസ്തർക്കും പങ്കെടുക്കാവുന്നതാണ്.

¿ തൃശൂർ : അതിരൂപത ബൈബിൾ അപ്പസ്തോലേറ്റ് അവാർഡുകൾ പ്രഖ്യാപിച്ചു. അവാർഡുദാനം 2014 ജനുവരി 25–ന് തൃശൂർ തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്നതാണ്.

¿ തൃശൂർ : സോഷ്യൽ ആക്ഷൻ & സോഷ്യൽ വെൽഫെയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ സമന്വയ പദ്ധതിയുടെ ഭാഗമായി ചാവക്കാട് കടലോര മേഖലയിൽ സൗജന്യ നേത്രപരിശോധന ക്യാമ്പ് സംഘടിപ്പിക്കുന്നതാണെന്ന് ഡയറക്ടർ ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ അറിയിച്ചു.

¿ തൃശൂർ : ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ഹീമോഫീലിയ രോഗം പരിശോധിച്ച കണ്ടെത്താൻ സൗകര്യമുള്ള  ലാബ് തയ്യാറാക്കുന്നുവെന്ന് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റാഫേൽ വടക്കൻ അറിയിച്ചു. കേരളത്തിൽ ആദ്യമായിട്ടാണ് ഹീമോഫീലിയ രോഗം പരിശോധിച്ച് കണ്ടെത്താനുള്ള ലാബ് ജൂബിലിയിൽ സ്ഥാപിതമാകുന്നത്.

¿ പാലയൂർ : അതിരൂപത ബൈബിൾ അപ്പസ്തോലേറ്റിന്റെയും ജീസസ്സ് യൂത്തിന്റെയും ആഭിമുഖ്യത്തിൽ ബൈബിൾ അഖണ്ഡപാരായണം നടത്തി.

¿ തൃശൂർ : ക്രിസ്തുമസ്സിന്റെ സന്ദേശം പകർന്നു നൽകിക്കൊണ്ട് 'ബോൺ നത്താലെ' എന്ന പരിപാടി ഡിസംബർ 27–ന് നടത്തപ്പെട്ടു.

, # , # ,

# സീറോ മലബാർ സഭാഗാന രചനാ മത്സരത്തിനു എൻട്രികൾ ക്ഷണിക്കുന്നു.

സീറോ മലബാർ സഭ ലിറ്റർജിക്കൽ റിസർച്ച് സെന്റർ (എൽആർസി) സംഘടിപ്പിക്കുന്ന സഭാഗാന രചനാമത്സരത്തിലേക്കു എൻട്രികൾ ക്ഷണിച്ചു. മാർ തോമാശ്ലീഹായുടെ ക്രിസ്താനുഭവം ഉൾക്കൊണ്ട് സീറോ മലബാർ സഭാംഗങ്ങൾക്കു ഒരുമിച്ചാലപിക്കുവാനുതകുന്ന ഒരു സഭാഗാനം ലക്ഷ്യമിട്ടാണു മത്സരം സംഘടിപ്പിച്ചിട്ടുള്ളത്. ഈശോമിശിഹായാൽ അയയ്ക്കപ്പെട്ട മാർ തോമാശ്ലീഹായുടെ സുവിശേഷപ്രവർത്തനത്താൽ രൂപീകൃതമായ സഭാസമൂഹത്തിന്റെ ചരിത്രം, പൈതൃകം, തനിമ, ആരാധനാക്രമം, ശിക്ഷണം, ആധ്യാത്മികത, പ്രേഷിതചൈതന്യം, വിശ്വാസ ജീവിതം, സഭയുടെ വളർച്ചയും ഭാവിയും എന്നീ വിഷയങ്ങൾ ഉൾക്കൊള്ളുന്നതാവണം ഗാനം. ലളിതസുന്ദരവും, താളാത്മകവും, ഒരുമിച്ച് ആലപിക്കാൻ സാധിക്കുന്ന രീതിയിലും ആയിരിക്കണം രചന. നാലു വരികൾ വീതമുള്ള നാലു സ്റ്റാൻസകളായാണു (ആകെ 16 വരി) ഗാനം തയാറാക്കേണ്ടത്. സീറോ മലബാർ സഭാംഗങ്ങളായ ഏവർക്കുംപ്രായഭേദമന്യേ മത്സരത്തിൽ പങ്കെടുക്കാം. മത്സരത്തിന് ലഭിക്കുന്ന രചനകളുടെ പൂർണമായ അവകാശം സീറോ മലബാർ ലിറ്റർജിക്കൽ റിസർച്ച് സെന്ററിനായിരിക്കും. എൽആർസിയുടെ ഫലപ്രഖ്യാപനം അന്തിമമായിരിക്കും.

**ഒന്നാം സമ്മാനത്തിന് അർഹമാകുന്ന സഭാഗാന രചനയ്ക്ക് 5001 രൂപ പുരസ്കാരമായി ലഭിക്കും. രണ്ട് മുതൽ അഞ്ചു വരെ സ്ഥാനം ലഭിക്കുന്നവർക്കു പ്രോത്സാഹന സമ്മാനവും പ്രശസ്തി പത്രവും നല്കും.**

**ഗാനരചനകൾ 2014 ഫെബ്രുവരി 28-നകം റവ.ഡോ. പീറ്റർ കണ്ണമ്പുഴ, എൽആർസി എക്സിക്യൂട്ടീവ് ഡയറക്ടർ, മൗണ്ട് സെന്റ് തോമസ്, കാക്കനാട് പി.ഒ., പി. ബി. നമ്പർ, 3110, കൊച്ചി- 682030 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 0484- 2425727, ഇമെയിൽ: lrcsyromalabar@gmail.com.**

Registered
R.N.I. No. 27348/1975
KL/TCR/275/2012-2014
Licence No. KL/CR/TCR/WPP-13/2012 -14
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.12.2013
Jan. 2014




Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005